# പ്രതീക്ഷയുടെ
# പൂമൊട്ടുകൾ

ദനഹാ ലക്കം 2015





# പിതൃമൊഴി

## ദൈവദാസൻ ബിഷപ് വില്യം ജകൃീന്താ

- നല്ല അന്തരീക്ഷത്തെ സൃഷ്ടിക്കുന്നതു പുഞ്ചിരിയാകയാൽ കൂടുതൽ പുഞ്ചിരിക്കുക.
- ദൈവത്തിന്റെ മുമ്പിൽ മനുഷ്യൻ എടുക്കുന്ന സമ്പൂർണ സമർപ്പണമാണു വിശ്വാസം. ജീവിതത്തിലുണ്ടാകുന്ന ദൗർഭാഗ്യകരമായ സംഭവങ്ങളിൽ സമനില തെറ്റാതെ, ഭയചകിതരാകാതെ മുമ്പോട്ടുപോകുവാൻ വിശ്വാസം നമ്മെ സഹായിക്കുന്നു.
- വിശ്വാസജീവിത പരിശീലനം നമ്മെ പൂർണതയിലേക്കു നയിക്കും.
- പലരും സാഹോദര്യത്തെപ്പറ്റി വാതോരാതെ മൈതാനപ്രസംഗങ്ങൾ നടത്തും. സാഹോദര്യത്തിന്റെ പുറം കുപ്പായം അണിയും. എന്നാൽ ദൈനംദിന ജീവിതത്തിൽ അധികം പേരും സാഹോദര്യത്തെ നിഷേധിക്കുന്നവരാണ്.
- പലപ്പോഴും മനുഷ്യർ തിന്മ പ്രവർത്തിക്കുന്നവരല്ല. അവരുടെ തന്നെ ജീവിതത്തിൽ വേണ്ടത്ര സ്നേഹം, ലഭിക്കാത്തതുമൂലം ഭഗ്നാശരായി നഷ്ടധൈര്യരായി, ഹതഭാഗ്യരായിതീർന്നവർ മാത്രമാണവർ. വിവേകത്തോടും വിവേചനത്തോടും കൂടി അവരെ സഹായിക്കൂ. അങ്ങനെ അവർ വിശാലമനസ്കരാകട്ടെ.
- നമ്മുടെ ഉത്പത്തിയും അസ്തിത്വവും സ്രഷ്ടാവായ ഏക ദൈവത്തിൽ നിന്നാണ്. അതിനാൽ നാം എല്ലാവരും സഹോദരാണ്. സഹോദരരായ നാം പരസ്പരം ആത്മാർത്ഥമായും പൂർണമായും വീരോചിതമായി പോലും സ്നേഹിക്കുവാൻ കടപ്പെട്ടവരാണ്. ഇതാണ് ആദ്ധ്യാത്മിക സാഹോദര്യം.
- നിനക്കു സഹോദരായി ഈ ലോകത്തിൽ ഒരേ കുടുംബത്തിലും വംശത്തിലും പെട്ട നിന്റെ സഹജരെ കൂടാതെ അസംഖ്യം മനുഷ്യരുണ്ട്.
- എന്റെ ആഗ്രഹവും എന്റെ തിരഞ്ഞെടുപ്പിന്റെ വിഷയവും ആത്മാക്കളാകണം. അല്ലാതെ ജീവിതത്തിലെ വിജയങ്ങളോ, നേട്ടങ്ങളോ സ്ഥാനമാനങ്ങളോ ആയിരിക്കരുത്.
- കുരിശിലൂടെ ഈശോ എപ്രകാരം സാത്താനെ ജയിച്ചുവോ അപ്രകാരം നമ്മിൽ ജീവിക്കുന്ന ഈശോ നമ്മിലൂടെയും നമ്മുടെ ജീവിതത്തിലൂടെയും നമുക്കായി സാത്താനെ തോല്പിക്കും.
- നമ്മെ സന്തോഷിപ്പിക്കാത്തതിൽ ആരോടും പരാതിയുണ്ടാവരുത്. ഞാൻ ചെയ്യേണ്ടതു ചെയ്തു എന്ന സമാധാനമായിരിക്കണം നമുക്കുണ്ടായിരിക്കേണ്ടത്.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ




വാല്യം 33 ദനഹാ ലക്കം 2015

*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)*


രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**സ്റ്റെഫി മംഗലത്തുകുന്നേൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ഡോളി കണ്ടച്ചാലിൽ എ.ഒ.**

**വാർഷിക വരിസംഖ്യ -100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. Tel: 2570862**
Email: wigipress@gmail.com



**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 0481-2578192,2309774**
**Email: psmktm@gmail.com**


## ഉള്ളടക്കം


- ദനഹാക്കാലം 03
- മിശിഹായുടെ അരൂപിയിലുള്ളജീവിതം 06
- നീ മതി എനിക്ക് കൂട്ടിന് 08
- മക്കൾ വിശുദ്ധരാകുവാൻ 09
- വിശുദ്ധരുടെ വണക്കം 13
- വിശുദ്ധിയുടെ മുത്തുകൾക്ക് 16-17
- Denha - A Manifestation of Holy Trinity 18-19
- ഇവൻ എന്റെ പ്രിയ പുത്രൻ 20
- പുതിയ മനുഷ്യരാകുക 21
- ശൂന്യവല്കരണത്തിന്റെ പാതയിൽ... 23
- ആനന്ദം 25
- മഴ 26
- ദൈവത്തിന്റെ വഴികളിലൂടെ നീങ്ങാം 27
- സെനക്കിൾ തരംഗം 28
- രോഗം പാപത്തിന്റെ ഫലമോ? 29
- അമ്മയോടൊപ്പം അനുഗ്രഹവഴിയേ 30
- വിചാരണ 31

എഡിറ്റോറിയൽ

# അപരനെ വളർത്തുക

ദരിദ്രരെ സുവിശേഷമറിയിക്കുവാനും ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കുവാൻ, പരിശുദ്ധാത്മാവിന്റെ അഭിഷേകവുമായി കടന്നുവന്ന (ലൂക്കാ 4,18-19) ഈശോമിശിഹായുടെ പരസ്യജീവിതത്തിന്റെ ഓർമ്മയുമായി വീണ്ടുമൊരു ദനഹാക്കാലം കടന്നുവന്നിരിക്കുന്നു. പരസ്യജീവിതത്തിനു തുടക്കംകുറിച്ചുകൊണ്ടുള്ള അവിടുത്തെ മാമ്മോദീസാവേള പരിശുദ്ധ ത്രിത്വത്തിന്റെ വെളിപ്പെടുത്തലിന്റെ വേദിയുമായിരുന്നു.


മനുഷ്യരുടെ മുമ്പിൽ മഹത്ത്വം മറയ്ക്കപ്പെട്ടിരുന്നെങ്കിലും യോഹന്നാൻ സ്നാപകന് ഈശോയുടെ ദൈവികത തിരിച്ചറിയാൻ ബുദ്ധിമുട്ടുണ്ടായിരുന്നില്ല. "എന്റെ പിന്നാലെ വരുന്നവൻ എന്നെക്കാൾ ശക്തൻ; അവന്റെ ചെരിപ്പു വഹിക്കാൻപോലും ഞാൻ യോഗ്യനല്ല" (മത്താ 3,11) എന്ന് ഏറ്റുപറഞ്ഞുകൊണ്ട് ഈശോയ്ക്കു വഴിയൊരുക്കാൻ അദ്ദേഹം തയ്യാറായി. ജനങ്ങളെല്ലാവരും ഈശോയുടെ പക്കലേക്ക് പോയപ്പോഴും (യോഹ 3,26), സ്വന്തം ശിഷ്യഗണങ്ങൾ തന്നെ ഉപേക്ഷിച്ച് ഈശോയെ അനുഗമിച്ചപ്പോഴും (യോഹ 1,37) "അവൻ വളരുകയും ഞാൻ കുറയുകയും വേണം" എന്നു പറയാനുള്ള ആർജ്ജവത്വവും ശരിയായ പാത ചൂണ്ടിക്കാണിക്കാനുള്ള ആത്മധൈര്യവും സ്നാപകന് കൈമുതലായുണ്ടായിരുന്നു.

പേരും പ്രശസ്തിയും നേടി, ഒരുപക്ഷേ കുപ്രസിദ്ധിയായാൽക്കൂടി, അതു നേടിയെടുത്ത്, ജനസമൂഹത്തിന്റെ ശ്രദ്ധാകേന്ദ്രമാകുവാനും കയ്യടി നേടുവാനും എന്തിനും ഏതിനും മുന്നിട്ടിറങ്ങുന്നവർക്ക് ഒരു വെല്ലുവിളിയാണ് സ്നാപകയോഹന്നാന്റെ ജീവിതം. സ്വയം വളരുന്നതിനെക്കാൾ മറ്റുള്ളവരെ വളർത്തുവാനുള്ള ആഹ്വാനമാണ് സ്നാപകന്റെ ജീവിതം നമുക്കു നല്കുന്നത്. പരസ്യജീവിതത്തിലുടനീളം ഈശോ കാണിച്ചുതന്ന മാതൃകയും മറ്റൊന്നല്ല. പിതാവിന്റെ ഹിതമനുസരിച്ചു ജീവിച്ചുകൊണ്ട് എല്ലാവർക്കും നന്മമാത്രംചെയ്തു മുന്നേറിയ ഈശോയെപ്പോലെ, ജീവിതകാലമത്രയും മറ്റുള്ളവർക്കു നന്മചെയ്ത് സ്വർഗത്തിൽ നിക്ഷേപംകൂട്ടാൻ നമുക്കു ശ്രമിക്കാം.

ഏവർക്കും ദനഹാത്തിരുനാളിന്റെ മംഗളാശംസകൾ...

**ചീഫ് എഡിറ്റർ**





# ദനഹാക്കാലം: ദൈവപുത്രനായ മിശിഹായുടെ പ്രത്യക്ഷീകരണത്തിന്റെ ഓർമ്മദിനങ്ങൾ

**ഡോ. പോളി മണിയാട്ട്**
സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി, വടവാതൂർ

ദനഹാ എന്ന സുറിയാനി പദത്തിന്റെ അർത്ഥം ഉദയം എന്നാണ്. നീതിസൂര്യനായ മിശിഹാ സൃഷ്ട പ്രപഞ്ചത്തിൽ ഉദയം ചെയ്തതിന്റെ ദീപ്തസ്മരണ കൊണ്ടാടുന്ന ആരാധനാകാലമാണ് ദനഹാക്കാലം. മനുഷ്യാവതാരം ചെയ്ത ദൈവപുത്രൻ തന്നെത്തന്നെ ലോകത്തിന് വെളിപ്പെടുത്തി. പരിശുദ്ധ ത്രിത്വം അത് സാക്ഷ്യപ്പെടുത്തി. നസ്രത്തിലെ ഈശോ ദൈവപുത്രനായ മിശിഹായാണെന്ന് തിരിച്ചറിഞ്ഞ മനുഷ്യരും അവിടുത്തേക്ക് സാക്ഷ്യം നല്കി. ദൈവത്തിന്റെ അഭിഷിക്തനായ മിശിഹായുടെ പ്രത്യക്ഷീകരണത്തിന്റെ സുപ്രധാന സന്ദർഭമാണ് യോർദ്ദാൻ നദിയിലെ മാമ്മോദീസ. കർത്താവിന്റെ മാമ്മോദീസയെ അനുസ്മരിക്കുന്ന ദനഹാത്തിരുനാളിനെ കേന്ദ്രമാക്കിയുള്ള ആരാധനാകാലമാണ് ദനഹാക്കാലം. വടക്കൻ കേരളത്തിൽ പിണ്ടികുത്തിപ്പെരുനാളെന്നും തെക്കൻ കേരളത്തിൽ രാക്കുളിപ്പെരുനാളെന്നും അറിയപ്പെട്ടിരുന്ന ദനഹാത്തിരുനാളാഘോഷം മാർത്തോമാ ക്രിസ്ത്യാനികളുടെ പാരമ്പര്യത്തിൽ ദനഹാക്കാലത്തിന്റെ ആചരണത്തിനുണ്ടായിരുന്ന പ്രാധാന്യം വ്യക്തമാക്കുന്നു.

വ്യത്യസ്ത തലങ്ങളിലാണ് ഈശോയുടെ മിശിഹാത്വം വെളിവാക്കപ്പെട്ടത്. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടത് മാമ്മോദീസാവേളയിൽ പരിശുദ്ധ

ത്രിത്വം ഈശോയെ വെളിപ്പെടുത്തുന്നതാണ്. "ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" എന്നരുളിച്ചെയ്തുകൊണ്ട് (മത്താ 3:17) പിതാവായ ദൈവം ഈശോയെ ലോകത്തിനു വെളിപ്പെടുത്തി. ഈശോയുടെമേൽ ആവസിച്ചുകൊണ്ട് പരിശുദ്ധാത്മാവ് ഈ വെളിപ്പെടുത്തലിനെ പ്രഖ്യാപിച്ചുറപ്പിച്ചു.

ദൈവരാജ്യ പ്രഘോഷണത്തിലൂടെ താൻ മിശിഹായാണെന്ന് ഈശോ ഏറ്റുപറഞ്ഞു. ദൈവരാജ്യത്തിന്റെ സദ്വാർത്ത അവിടുന്ന് വാക്കുകളിലൂടെയും അടയാളങ്ങളിലൂടെയും പ്രഘോഷിച്ചു. അവിടുത്ത വചസ്സുകൾ ശ്രവിച്ചവർക്കും അത്ഭുത പ്രവൃത്തികൾ ദർശിച്ചവർക്കും അവിടുന്ന് ദൈവികാധികാരമുള്ള മിശിഹായാണെന്ന് തിരിച്ചറിയാൻ സാധിച്ചു.

ഈശോ ദൈവപുത്രനായ മിശിഹായാണെന്ന് തിരിച്ചറിയാനും ആ സത്യം ആരാധനാവേളകളിൽ പ്രഘോഷിക്കുവാനും ദനഹാക്കാലം നമ്മോട് ആഹ്വാനം ചെയ്യുന്നു. ഈ ആഹ്വാനമാണ് ഈ കാലത്തിലെ തിരുവചനപ്രഘോഷണങ്ങളിലൂടെ നല്കപ്പെടുന്നത്. വി. കുർബാനയിലെയും യാമപ്രാർത്ഥനകളിലെയും ദനഹാക്കാലത്തിന്റെ പ്രത്യേക പ്രാർത്ഥനകൾ മിശിഹാനുഭവം സ്വായത്തമാക്കാനും അതു മറ്റുള്ളവരുമായി പങ്കുവയ്ക്കാനും നമ്മെ ഓർമ്മിപ്പിക്കുന്നു.



മിശിഹായെ തിരിച്ചറിഞ്ഞ് അവിടുത്തെ സ്വീകരിക്കുകയും ജീവിതംകൊണ്ട് മിശിഹായ്ക്ക് സാക്ഷ്യംവഹിച്ച് അവിടുത്തെ ലോകത്തിനു വെളിപ്പെടുത്താൻ ഉപകരണങ്ങളായിത്തീരുകയും ചെയ്ത വിശുദ്ധാത്മാക്കളെ പൗരസ്ത്യസുറിയാനി പാരമ്പര്യം ദനഹാക്കാലത്തിൽ പ്രത്യേകമാം വിധം അനുസ്മരിക്കുന്നു. ദനഹാക്കാലത്തിലെ വെള്ളിയാഴ്ചകൾ ഇങ്ങനെ വിശുദ്ധരെ അനുസ്മരിക്കുന്നതിനായി മാറ്റിവയ്ക്കപ്പെട്ടിരിക്കുന്നവയാണ്.

"ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് എന്ന് (യോഹ 1:29) ഉദ്ഘോഷിച്ചുകൊണ്ട് മിശിഹായെ ലോകത്തിന് ചൂണ്ടിക്കാണിച്ചുകൊടുത്ത സ്നാപകയോഹന്നാനെയാണ് ആദ്യത്തെ വെള്ളിയാഴ്ച അനുസ്മരിക്കുന്നത്. "അവൻ വളരുകയും ഞാൻ കുറയുകയും വേണം" (യോഹ 3:30) എന്ന് പ്രഖ്യാപിച്ചുകൊണ്ട് എല്ലാവരും മിശിഹായിലേക്ക് നയിക്കപ്പെടട്ടെ എന്ന് തീക്ഷ്ണമായി അഭിലഷിക്കുകയും അതിനുവേണ്ടി ജീവിക്കുകയും ചെയ്ത സ്നാപകയോഹന്നാനെത്തന്നെ ആദ്യം അനുസ്മരിക്കുന്നത് തികച്ചും പ്രസക്തമാണ്.

"നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹായാണ്" (മത്താ 16:16) എന്ന് ഏറ്റുപറഞ്ഞ ശിഷ്യപ്രമുഖൻ പത്രോസിനെയും "എനിക്കു ജീവിതം മിശിഹായും മരണം നേട്ടവുമാണ്" (ഫിലി 1:21) എന്നുദ്ഘോഷിച്ച പൗലോസിനെയുമാണ് ദനഹാക്കാലത്തിലെ രണ്ടാംവെള്ളിയാഴ്ച സഭ അനുസ്മരിക്കുന്നത്. വ്യക്തിപരമായ അനുഭവത്തിലൂടെയും സഭയുടെ പ്രഘോഷണത്തിലൂടെയും തങ്ങൾക്കു സിദ്ധിച്ച മിശിഹാനുഭവത്തെ ആധികാരികമായി ലോകത്തോട് പ്രഘോഷിച്ച സുവിശേഷകന്മാരെയാണ് മൂന്നാം വെള്ളിയാഴ്ച ഓർക്കുന്നത്. മിശിഹായ്ക്കു സാക്ഷ്യം വഹിക്കുന്നതിനു വേണ്ടി സ്വജീവനർപ്പിച്ച ആദ്യത്തെ രക്തസാക്ഷിയായ എസ്തപ്പാനോസിനെ നാലാം വെള്ളിയാഴ്ച നാം അനുസ്മരിക്കുന്നു. വിശുദ്ധഗ്രന്ഥത്തിൽ അടിസ്ഥാനമിട്ടിട്ടുള്ളതും സഭാപാരമ്പര്യത്തിലൂടെ വളർന്നുവന്നതുമായ മിശിഹായെക്കുറിച്ചുള്ള ജ്ഞാനത്തെ ആധികാരികമായി സഭാമക്കളോട് ഉദ്ഘോഷിക്കാൻ നിരവധിയായ ത്യാഗങ്ങളനുഭവിച്ച വിശുദ്ധരും വിജ്ഞാനികളുമായ ഗ്രീക്കു പിതാക്കന്മാരെയും സുറിയാനി പിതാക്കന്മാരെയും അഞ്ചും ആറും വെള്ളിയാഴ്ചകളിൽ സഭ അനുസ്മരിക്കുന്നു.


ഒരു പ്രാദേശിക സഭയുടെയോ ഇടവകയുടെയോ മദ്ധ്യസ്ഥനായ വിശുദ്ധനെ അഥവാ വിശുദ്ധരെയാണ് ഏഴാം വെള്ളിയാഴ്ച അനുസ്മരിക്കുന്നത്. വിശ്വാസികളുടെ സമൂഹത്തെ സംബന്ധിച്ചിടത്തോളം മിശിഹാനുഭവത്തിന് സാക്ഷ്യം വഹിക്കുന്നവരിൽ ഏറ്റവുമടുത്ത വീരോചിത മാതൃകയാണ് പ്രാദേശികസഭയുടെ മദ്ധ്യസ്ഥൻ. അപൂർവം ചില വർഷങ്ങളിൽ ദനഹാക്കാലത്ത് ഒമ്പതു വെള്ളിയാഴ്ചകൾ ഉണ്ടാകും. അത്തരം വർഷങ്ങളിൽ ഏഴാം വെള്ളി അനുസ്മരിക്കുന്നത് സീറോ-മലബാർ സഭയിലെ വിശുദ്ധരെയായിരിക്കണമെന്ന് സീറോ-മലബാർ സഭ നിശ്ചയിച്ചിട്ടുണ്ട്. അത്തരം സന്ദർഭത്തിൽ സഭാമദ്ധ്യസ്ഥന്റെ അനുസ്മരണം എട്ടാം വെള്ളിയാഴ്ചയായിരിക്കും. ഉയിർപ്പുതിരുനാളിന്റെ തീയതിയിലുണ്ടാകുന്ന മാറ്റത്തിനനുസൃതമായി ദനഹാക്കാലത്തിലെ ആഴ്ചകളുടെ എണ്ണത്തിൽ മാറ്റങ്ങളുണ്ടാവുമെന്നതിനാലാണ് സഭ ഇങ്ങനെ നിശ്ചയിച്ചിരിക്കുന്നത്. ദനഹാക്കാലത്തിൽ എത്ര ആഴ്ചകൾ ഉണ്ടായാലും അവസാനത്തെ വെള്ളിയാഴ്ച മരിച്ചുപോയ വിശ്വാസികളെ അനുസ്മരിക്കാനുള്ളതാണ്. നമ്മുടെയിടയിൽ മിശിഹായ്ക്ക് സാക്ഷ്യംവഹിച്ച് ജീവിച്ച് അവിടുന്ന് പ്രദാനം ചെയ്യുന്ന പുനരുത്ഥാനത്തിൽ പ്രത്യാശയർപ്പിച്ച് മരണമടഞ്ഞ സകല വിശ്വാസികളെയുമാണ് അവസാനത്തെ വെള്ളിയാഴ്ച നാം അനുസ്മരിക്കുന്നത്. മരണത്തിലൂടെ നാമും മിശിഹായുടെ സാക്ഷികളുടെ നിരയിലേക്ക് പ്രവേശിക്കുമെന്ന് ഈ അനുസ്മരണം നമ്മെ ബോദ്ധ്യപ്പെടുത്തുന്നു.

വിശുദ്ധർക്ക് ഈശോമിശിഹായുടെ പെസഹാരഹസ്യത്തോടുള്ള ബന്ധമാണ് അവരെ അനുസ്മരിക്കാൻ നമ്മെ പ്രേരിപ്പിക്കുന്ന പ്രധാന ഘടകം. സ്വന്തം ജീവിതങ്ങളിലൂടെ മിശിഹായ്ക്കു സാക്ഷ്യം വഹിച്ച അവരുടെ ധീരമാതൃക നമ്മുടെ ക്രൈസ്തവജീവിതത്തിന് ഉത്തമപ്രചോദനമായി ഭവിക്കുന്നു.

അനുതാപത്തിന്റെ ചൈതന്യം ദനഹാക്കാലത്തിന്റെ സവിശേഷതയാണ്. അനുതാപത്തിലൂടെ ഹൃദയങ്ങളെ ഒരുക്കിക്കൊണ്ടാണ് മിശിഹായെ കണ്ടുമുട്ടാനും സ്വീകരിക്കാനും നമുക്കു സാധിക്കുന്നതെന്ന് സ്നാപകയോഹന്നാന്റെ പ്രഘോഷണം വ്യക്തമാക്കുന്നു (ലൂക്കാ 3:3-14). അനുതപിക്കുവാൻ ആഹ്വാനം ചെയ്തുകൊണ്ടാണ് ഈശോ ദൈവരാജ്യത്തെക്കുറിച്ചുള്ള പ്രഘോഷണം ആരംഭിച്ചത് (മർക്കോ 1:15). ഈശോ കർത്താവായ മിശിഹായാണെന്ന് തിരിച്ചറിയാനും ഏറ്റുപറയാനും അനുതാപമുള്ള ഒരു ഹൃദയം അനിവാര്യമാണ്. പഴയനിയമത്തിൽ നിനിവേ നിവാസികളോട് അനുതപിക്കുവാൻ ആഹ്വാനം ചെയ്ത യോനാ പ്രവാചകനെ പ്രത്യേകമായി അനുസ്മരിച്ചുകൊണ്ട് മൂന്നു ദിവസം നോമ്പും പ്രായശ്ചിത്തവുമായി ആചരിക്കുന്ന പതിവ് ദനഹാക്കാലത്തിലെ ഒരു സുപ്രധാന ഘടകമായിത്തീർന്നു. വലിയ നോമ്പാരംഭത്തിന് പതിനെട്ടു ദിവസങ്ങൾക്ക് മുമ്പു വരുന്ന തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങൾ അങ്ങനെ മൂന്നു നോമ്പായി ആചരിക്കുന്ന പതിവ് സീറോ മലബാർ പാരമ്പര്യത്തിലുമുണ്ട്. കുറവിലങ്ങാട്, കടുത്തുരുത്തി പള്ളികളിലെ മൂന്നുനോമ്പാചരണം വളരെ പ്രസിദ്ധമാണ്.

പ്രാർത്ഥനയിലൂടെയും പ്രായശ്ചിത്തപ്രവൃത്തികളിലൂടെയും ഒരുങ്ങി, അനുതപിക്കുന്ന ഹൃദയത്തോടെ ഈശോമിശിഹായെ കണ്ടെത്തുവാനും നമുക്കു സിദ്ധിക്കുന്ന മിശിഹാനുഭവം മറ്റുള്ളവരുമായി പങ്കുവയ്ക്കാനും ദനഹാക്കാലം നമ്മോട് ആഹ്വാനം ചെയ്യുന്നു.

സെനക്കിൾ ആദ്ധ്യാത്മികത - 24



# മിശിഹായുടെ അരൂപിയിലുള്ള ജീവിതം

മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ

ഈശോയുടെ പീഡാനുഭവത്തെയും മരണത്തെയും തുടർന്ന് ശ്ലീഹന്മാർ ഒരുമിച്ചുകൂടിയത് ഈശോയോടൊന്നിച്ച് അന്ത്യത്താഴത്തിന് ഒരുമിച്ചുകൂടിയ സ്ഥലത്തുതന്നെയായിരുന്നു. അതുകൊണ്ട് ഉത്ഥാനശേഷമുള്ള സംഭവങ്ങളും സെനക്കിൾ പശ്ചാത്തലത്തിലാണ് സംഭവിച്ചത്. അതിനാൽ ഈ വിവരണങ്ങളും സെനക്കിൾ ആദ്ധ്യാത്മികതയുടെ ഭാഗമായി പരിഗണിക്കാം. സെനക്കിളിൽ ഒരുമിച്ചുകൂടിയിരിക്കുമ്പോൾ ഉത്ഥിതനായ ഈശോ അവർക്കു പ്രത്യക്ഷപ്പെടുകയും ഈ ലോകത്തിൽ തുടർന്നു നിർവഹിക്കുവാൻ തന്റെ ദൗത്യം അവരെ ഭരമേല്പിക്കുകയും ചെയ്യുന്നു (യോഹ 20,19-23).

## പ്രേഷിതസ്വഭാവമുള്ള ജീവിതം

സെനക്കിളിൽ ഒരുമിച്ചുകൂടിയിരുന്ന ശിഷ്യന്മാർ സഭയെ പ്രതിനിധീകരിക്കുന്നു. വി. മർക്കോസിന്റെയും വി. ലൂക്കായുടെയും സുവിശേഷങ്ങളിൽ 'പതിനൊന്നു പേർ' എന്ന് പ്രത്യേകമായി എടുത്തുപറയുമ്പോൾ (മർക്കോ 16,14-18; ലൂക്കാ 24,36-49), വി. യോഹന്നാന്റെ സുവിശേഷം 'ശിഷ്യന്മാർ' എന്നു മാത്രം അവരെ വിശേഷിപ്പിക്കുന്നു. പതിനൊന്നു പേരോടൊപ്പം മറ്റുള്ളവരും ഉണ്ടായിരുന്നു എന്ന് ലൂക്കാസുവിശേഷകൻ സൂചിപ്പിക്കുന്നുണ്ട് (ലൂക്കാ 24,33-35). പന്ത്രണ്ടു ശ്ലീഹന്മാർക്ക് ഈ സന്ദർഭത്തിൽ പ്രത്യേക പ്രാധാന്യമുണ്ടെങ്കിലും സഭ ഇവിടെ പ്രതിനിധീകരിക്കപ്പെടുന്നു എന്നതിന് സംശയമില്ല. ഈശോയുടെ ദൗത്യം ഭൂമിയിൽ തുടരേണ്ട സമൂഹമാണ് സഭ. ഈശോ പറയുന്നു: "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (യോഹ 20,21). പിതാവ് അഭിഷേകംചെയ്ത് ലോകത്തിലേക്ക് അയച്ച ദൈവപുത്രനായ മിശിഹാ ആയിരുന്നു അവിടുന്ന് (യോഹ 10,36). അതുപോലെ ഉത്ഥിതനായ ഈശോ തന്റെ മെസയാനികദൗത്യം ലോകത്തിൽ തുടരുവാൻ സഭയെ നിയോഗിക്കുന്നു. അതുകൊണ്ട് ഓരോ ക്രൈസ്തവനും, പ്രത്യേകമായി ഓരോ പുരോഹിതനും, മാമ്മോദീസായിലൂടെയും പൗരോഹിത്യത്തിലൂടെയും അഭിഷിക്തരായി, പ്രേഷിതരായി ലോകത്തിലേക്ക് അയയ്ക്കപ്പെട്ടവരാണ്.

## വിശുദ്ധീകരണദൗത്യം നിർവഹിക്കുന്ന ജീവിതം

ഉത്ഥിതനായ ഈശോ ഈ സന്ദർഭത്തിൽ നല്കുന്ന ദൗത്യം വിവരിക്കുന്നത് ഇപ്രകാരമാണ്: "നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോടു ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും" (യോഹ 20,23). ഈശോ ലോകത്തിലേക്ക് അയയ്ക്കപ്പെട്ടത് 'ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്' ആയിട്ടാണ് (യോഹ 1,29-35). സ്നാപകയോഹന്നാന്റെ ഈ സാക്ഷ്യം സ്വീകരിച്ചുകൊണ്ടാണ് ആദ്യശിഷ്യന്മാർ ഈശോയെ അനുഗമിച്ചത് (യോഹ 1,35-37). ലോകത്തെ വിശുദ്ധീകരിക്കുന്ന തന്റെ ദൗത്യം ഉത്ഥാനത്തിനുശേഷം ഈശോ നിർവഹിക്കുന്നത് തന്റെ ശിഷ്യരുടെ സമൂഹമായ സഭയിലൂടെയാണ്. അതുകൊണ്ട് ലോകത്തിന്റെ പാപം നീക്കിക്കളയുന്നതിന് സഭാസമൂഹം നിർണ്ണായകമായിത്തീരുന്നു. സ്വയം വിശുദ്ധീകരിക്കപ്പെടുവാനും ലോകത്തെ വിശുദ്ധീകരിക്കുവാനുമുള്ള ദൗത്യം ഏറ്റുവാങ്ങിയ ഒരു ജീവിതമാണ് ക്രൈസ്തവജീവിതം.

## മിശിഹായുമായി ഐക്യപ്പെട്ട ജീവിതം

ദൈവത്താൽ അഭിഷിക്തനായി ലോകത്തിലേക്ക് അയയ്ക്കപ്പെട്ട ഈശോ തന്റെ ദൗത്യം തുടർന്നു നിർവഹിക്കുവാനായി ശിഷ്യരെ ഭരമേല്പിച്ചിട്ട് അവരെ വിട്ടുപോവുകയല്ല, പരിശുദ്ധാത്മാവിലൂടെ അവരിൽ വസിക്കുവാൻ കടന്നുവരികയാണ്: "ഇതു പറഞ്ഞിട്ട് അവരുടെമേൽ നിശ്വസിച്ചുകൊണ്ട് അവരോട് അരുളിച്ചെയ്തു: നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ" (യോഹ 20,22). യോഹന്നാന്റെ പന്തക്കുസ്താ എന്നാണ് ഇത് അറിയപ്പെടുന്നത്. ഇവിടെ ശിഷ്യസമൂഹത്തിനു പരിശുദ്ധാത്മാവ് നല്കപ്പെടുന്നത് ഈശോയുടെ നിശ്വസനത്തിലൂടെയാണ്. നിശ്വസനം ജീവന്റെ അടിസ്ഥാനമാണല്ലോ. ഉത്ഥാനത്തിലൂടെ ഈശോ ജീവദാതാവായ അരൂപിയായി മാറി (1 കൊറി 15,45). അരൂപിയായി മാറിയ മിശിഹാ പരിശുദ്ധാത്മാവിലൂടെ ശിഷ്യസമൂഹത്തിൽ ജീവിക്കുന്നവനായിത്തീരുന്നു. അതുകൊണ്ട് ശിഷ്യരുടെ സമൂഹമായ സഭയിൽ വസിച്ചുകൊണ്ട് ലോകത്തിന്റെ പാപം നീക്കുന്ന തന്റെ ദൗത്യം മിശിഹാതന്നെയാണ് തുടരുന്നത്. ലോകാവസാനംവരെ അവിടുന്ന് അതു തുടരുകയും ചെയ്യും. അതുകൊണ്ടാണ് സഭയെ മിശിഹായുടെ ശരീരമെന്നു വിശേഷിപ്പിക്കുന്നത് (1 കൊറി 12). ക്രൈസ്തവരെല്ലാവരും മിശിഹായോട് ഐക്യപ്പെട്ട സഭാജീവിതം നയിച്ചുകൊണ്ട് തങ്ങളുടെ ദൗത്യം നിർവഹിക്കണം.

## ശ്ലൈഹികശുശ്രൂഷാജീവിതം

സഭാസമൂഹത്തിന്റെ അടിസ്ഥാനസവിശേഷതയാണ് ശ്ലൈഹികത അഥവാ അപ്പസ്തോലികത. അതുകൊണ്ടായിരിക്കാം യോഹന്നാന്റെ പന്തക്കുസ്തായിൽ ശ്ലീഹന്മാരുടെ കാര്യം മാത്രം എടുത്തുപറയുന്നത് (യോഹ 20,19). സഭാസമൂഹം മിശിഹായുടെ ശരീരമെന്ന നിലയിൽ വിശുദ്ധീകരണദൗത്യം നിർവഹിക്കേണ്ടത് ശ്ലൈഹികശുശ്രൂഷ നിർവഹിക്കുന്ന സഭയുടെ ഹയരാർക്കിയോടു ചേർന്നു നിന്നും ഹയരാർക്കിക്കു വിധേയപ്പെട്ടുമാണ്. ശ്ലൈഹികശുശ്രൂഷയുടെ തുടർച്ചയാണ് സഭയിലെ പുരോഹിതശുശ്രൂഷ. പരിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായ കൂദാശാജീവിതത്തിലൂടെയാണ് സഭാസമൂഹത്തിന്റെ വിശുദ്ധീകരണദൗത്യം നിർവഹിക്കപ്പെടേണ്ടതെന്ന് ഇതു പ്രത്യേകം സൂചിപ്പിക്കുന്നു. ശ്ലൈഹികശുശ്രൂഷയുടെ ഈ അരൂപിയെ പ്രത്യേകം നല്കുന്ന കൂദാശയാണ് പൗരോഹിത്യം. അതുകൊണ്ട് മിശിഹായുടെ അരൂപിയിലുള്ള ജീവിതം നയിക്കുവാനും ശുശ്രൂഷ നിർവഹിക്കുവാനും സഭയിൽ പുരോഹിതർ പ്രത്യേകം നിയുക്തരായിരിക്കുന്നു.



# നീ മതിയെനിക്കു കൂട്ടിന്

മങ്ങാടൻ

എല്ലാദിവസവും പോസ്റ്റുമായി എത്തുന്ന ചേച്ചി. സന്തോഷം നിറഞ്ഞ മുഖഭാവമാണ് ചേച്ചിക്കുള്ളത്. കൃത്യതയോടെ ജോലി നിർവഹിക്കുന്നവൾ... ഒരാഴ്ചയായി ചേച്ചിയുടെ യാതൊരനക്കവും ഇല്ല. അങ്ങനെയിരിക്കെ ഒരു ദിവസം പോസ്റ്റുമായി ചേച്ചിയെത്തി. പക്ഷേ മുഖത്ത് പ്രസരിപ്പില്ല. കണ്ണുകളിൽ നിരാശയും. പെയ്യാൻ വെമ്പിനിൽക്കുന്ന ആകാശംപോലെ... എന്തുപറ്റി ചേച്ചീ എന്നു ചോദിച്ചുതീരുന്നതിനു മുമ്പു തന്നെ ആള് ചങ്കലച്ചു കരഞ്ഞുതുടങ്ങി... എന്തു പറഞ്ഞാശ്വസിപ്പിക്കണം...? ഞാനാകെ ധർമ്മസങ്കടത്തിലായി... ഹാർട്ട് അറ്റാക്ക്മൂലം ആകസ്മികമായി തന്നിൽനിന്നും വേർപിരിഞ്ഞ പ്രിയതമനെയോർത്താണ് ചേച്ചി സങ്കടപ്പെടുന്നത്. ചേച്ചി ഒരുപാടു കാര്യങ്ങൾ തന്റെ പ്രിയപ്പെട്ടവനെക്കുറിച്ചു പറഞ്ഞു. പക്ഷേ ഒരു വാക്ക് എന്നെ വല്ലാതെ ചിന്തിപ്പിച്ചു. ജോലികഴിഞ്ഞാൽ എവിടെയും കറങ്ങാതെ എന്റെ കെട്ടിയവൻ വീട്ടിൽ വരുമായിരുന്നു. സിറ്റിയിലൊന്നു പോയി കൂട്ടുകൂടാൻ മേലേ എന്നുള്ള ചോദ്യത്തിന്, “നീ മതിയെനിക്കു കൂട്ടിന്” എന്ന് അദ്ദേഹം പറഞ്ഞ വാക്ക് എനിക്കൊരിക്കലും മറക്കാനാവില്ല... ചേച്ചി വിതുമ്പലോടെ പറഞ്ഞു...

ദാമ്പത്യജീവിതം “കൂട്ടാകാനുള്ള” ജീവിതമാണ്. ഇന്ന് പല കുടുംബങ്ങളും ഉൽപത്തിപ്പുസ്തകത്തിൽ പറയുംപോലെ “ നീയെനിക്കു കൂട്ടിന് തന്നവൾ” എന്ന് പഴിചാരി ജീവിതയാഥാർത്ഥ്യങ്ങളുടെ മുമ്പിൽ “ഒറ്റപ്പെട്ട തുരുത്തുകളായി” കുടുംബജീവിതം നയിക്കുന്നു. ഇതിന്റെ ഫലമോ മക്കൾ പല തുരുത്തുകളിലും പെട്ടുപോവുകയും ചെയ്യുന്നു. ഒരു എട്ടാംക്ലാസ്സുകാരനെ പരിചയപ്പെടാനിടയായി. വീട്ടിൽ ചെല്ലുമ്പോൾ അവൻ തനിച്ചേയുള്ളൂ. ജീവിതത്തിൽ പെട്ടുപോകാവുന്ന എല്ലാ തിന്മകൾക്കും അടിമ... അവന്റെ അപ്പനും അമ്മയും ബാങ്ക് ജോലിക്കാരാണ്. അവരെക്കുറിച്ച് മകൻ പറഞ്ഞ കമന്റ് ഇതാണ്: ഞാനൊരാളേ അവർക്കുള്ളൂ... പക്ഷേ എന്നെ നേടാതെ അവരെന്തൊക്കെയോ നേടുകയാ... രണ്ടുപേരും ദാമ്പത്യജീവിതത്തിന്റെ രണ്ടു ധ്രുവങ്ങളിലാ... ഒന്നിച്ചോടേണ്ട വണ്ടിയായിരുന്നില്ലേ അവർ...

പ്രിയ മാതാപിതാക്കന്മാരേ ദാമ്പത്യജീവിതം പരസ്പരം കൂട്ടാകാനുള്ള ഒരു വിളിയാണ്... ഇണയും തുണയുമായി സ്നേഹത്തിന്റെ ജീവനുള്ള നിധികളാകേണ്ടവർ... ഈ ജീവൻ നിങ്ങളുടെ ദാമ്പത്യജീവിതത്തിൽ തുടിക്കുന്ന അനുഭവം നൽകുന്നില്ലെങ്കിൽ സന്തോഷത്തിനോ സമാധാനത്തിനോ മനസ്സിലാക്കലിനോ അൽപത്വം നിങ്ങളുടെ ദാമ്പത്യജീവിതത്തിലുണ്ടെങ്കിൽ അമിതത്വത്തിലേക്കു വളരാൻ നിങ്ങളെ കൂട്ടിച്ചേർത്തവനെ കൂട്ടുപിടിക്കുക...

*“സ്നേഹത്തിന്റെ ഒരു തുള്ളി മനസ്സിലാക്കലിന്റെ ഒരു സമുദ്രത്തെക്കാൾ വലുതാണ്”.* - ബ്ലെയ്സ് പാസ്ക്കൽ.





**കുടുംബ വിശുദ്ധി – 5**



# മക്കൾ വിശുദ്ധരാകുവാൻ

**മിനി വന്യംപറമ്പിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

ക്രൈസ്തവമൂല്യങ്ങളിൽ മക്കളെ പരിശീലിപ്പിച്ച് വളർത്തുക എന്നത് ഉത്തരവാദിത്തപൂർണമായ മാതൃത്വത്തിന്റെയും പിതൃത്വത്തിന്റെയും ലക്ഷണങ്ങളാണ്. മക്കളുടെമേൽ മാതാപിതാക്കൾ ശ്രദ്ധയോടെ ജാഗ്രത പുലർത്തേണ്ട ആവശ്യകതയെക്കുറിച്ച് കഴിഞ്ഞ ലക്കത്തിൽ പറഞ്ഞുവരികയായിരുന്നുവല്ലോ. ക്രൈസ്തവരായ മാതാപിതാക്കളെ സംബന്ധിച്ച് മക്കളെ ക്രൈസ്തവമൂല്യങ്ങളിൽ വളർത്തുകയെന്നതാണ് പരമപ്രധാനം. ‘തീയിൽ കുരുത്തത് വെയിലത്ത് വാടുകയില്ല’ എന്ന പഴഞ്ചൊല്ലുപോലെ ക്രിസ്തീയവിശ്വാ

സത്തിലും മൂല്യത്തിലും വളർത്തുകയാണെങ്കിൽ, അങ്ങനെയൊരു സാഹചര്യമാണു കുഞ്ഞിന് ലഭിക്കുന്നതെങ്കിൽ – കൊടുക്കുന്നതെങ്കിൽ ഏതൊരു പ്രതികൂലസാഹചര്യങ്ങളിലും വ്യതിചലിക്കാതെ ക്രിസ്തീയമൂല്യങ്ങളിൽ വളരുന്ന വിശുദ്ധരായ മക്കളായി തീരുമെന്നതിനു സംശയമില്ല. ധാർമ്മികതയ്ക്കു മൂല്യച്ച്യുതി സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ ആധുനികകാലഘട്ടത്തിൽ ക്രൈസ്തവമൂല്യം കുടുംബങ്ങളിൽ പുലരുവാൻ നാം അതീവശ്രദ്ധയുള്ളവരാകണം. ഇവയിലുള്ള അടിയുറച്ചനിഷ്ഠ മാതാപിതാക്കൾ പുലർത്തുവാനും അതു കുഞ്ഞുങ്ങൾ കണ്ടുവളരുന്നതിനും അവരെ പഠിപ്പിക്കുന്നതിനും ഇടയാകണം. ചെറുപ്പത്തിൽ നല്കിയാലേ പുതിയ തലമുറയ്ക്കും വരുംതലമുറയ്ക്കും സുനിശ്ചിതമായ ഭാവി കൈവരിക്കാൻ സാധിക്കൂ. പ്രഭാഷകന്റെ പുസ്തകത്തിൽ പറയുന്നു: “നിന്റെ പുത്രന്മാരെ അച്ചടക്കത്തിൽ വളർത്തുക, ചെറുപ്പം മുതലേ അനുസരണം ശീലിപ്പിക്കുക. നിന്റെ പുത്രിമാർ ചാരിത്രവതികളായിരിക്കാൻ ശ്രദ്ധപതിക്കുക, അമിതലാളനമരുത്” (പ്രഭാ. 7:23–24).

പരസ്പര ബഹുമാനവും ആദരവും പരിഗണനയും നന്ദിയുടെ മനോഭാവം പുലർത്താനും ക്ഷമചോദിക്കാനുള്ള എളിമയും പെരുമാറ്റത്തിലുള്ള വിനയവും ഒക്കെയാവുന്ന ഉപചാരമര്യാദകൾ പഠിപ്പിക്കുന്ന ഗുരുഭൂതരാവണം മാതാപിതാക്കൾ. മാതാപിതാക്കളും പ്രായംചെന്നവരും ഇരിക്കുന്നവേദികളിൽ അവർ ഇരിക്കുന്ന പീഠങ്ങളേക്കാൾ ഉയരങ്ങളിൽ ഇരിക്കരുത് എന്ന തിരിച്ചറിവും, കുടുംബങ്ങളിൽ അതിഥിയാവട്ടെ, മാതാപിതാക്കളാകട്ടെ, മുതിർന്നവരാകട്ടെ കടന്നുവരുമ്പോൾ എഴുന്നേല്ക്കുന്ന രീതിയും മക്കൾക്ക് പറഞ്ഞുകൊടുക്കാൻ കഴിയണം. തങ്ങളേക്കാൾ വലിയവരോട് സംസാരിക്കുമ്പോൾ ആദരവോടെയും ലാളിത്യത്തോടെയും പെരുമാറുവാനും പരിശീലിപ്പിക്കണം. മക്കൾ ഒന്നും രണ്ടുമാകുന്ന ഇക്കാലത്ത് ഒരു വീട്ടിൽ ഒരാൾ കയറിവന്നാൽ മിക്ക കുടുംബങ്ങളിലും മക്കൾ ഇറങ്ങിവരാറില്ല, കാരണം മറ്റൊന്നുമല്ല കമ്പ്യൂട്ടറിന്റെ മുമ്പിൽ നെറ്റ് വർക്കിലൂടെ മായാലോകത്തിന്റെ ആകാശചക്രവാളങ്ങൾക്കപ്പുറം സഞ്ചരിക്കുന്നവരോ അല്ലെങ്കിൽ ടി.വി. ചാനലുകളിൽ കുടുങ്ങി ചലനമറ്റിരിക്കുന്നവരോ ആണവർ. അവയൊക്കെ ഒന്നു ഓഫ് ചെയ്യുക എന്നത് വന്നവരോട് കാണിക്കുന്ന ആദരവാണ് എന്ന ബോധ്യവും ശീലവും കുട്ടികളിൽ വളർത്തണം.





കുറച്ചുനാളുകൾക്കു മുമ്പ് ഒരു കുടുംബത്തിൽ കയറിച്ചെന്നപ്പോൾ അവിടുത്തെ ഏറ്റവും ഇളയകുട്ടി ഏകദേശം മൂന്നുവയസ്... പ്രായം അവൻ എത്ര സ്നേഹത്തോടെയും ആദരവോടെയുമാണ് വന്നവരെ സ്വീകരിച്ച് ഇരുത്തുന്നത്! മനസിന് ഒത്തിരി സന്തോഷം നല്കുന്ന അവസരമായിരുന്നു ആ നിമിഷങ്ങൾ... മറ്റൊരു ഭവനസന്ദർശനവേള, ഒരു പാവപ്പെട്ട ഭവനം... അമ്മയും മക്കളും കൊച്ചുമക്കളും ഒക്കെയുണ്ടവിടെ. അടുക്കളയുൾപ്പെടെ സിമന്റിട്ട മുന്നുമുറികൾ എല്ലാം നല്ല വൃത്തിയും അടുക്കും ചിട്ടയുമുള്ളവ. അവരുടെ സംസാരത്തിലും പെരുമാറ്റത്തിലും ഉപചാരമര്യാദകൾ നിറഞ്ഞുനിന്നിരുന്നു. അവിടെ രണ്ടു കസേരകൾ ഉണ്ടായിരുന്നു. ഒന്നിൽ ഒരു വൃത്തിയായതോർത്ത് വിരിച്ചിട്ടിരിക്കുന്നു. അകത്തുനിന്ന് ഒരു കസേരകൂടി എടുത്തു ഞങ്ങൾക്ക് ഇരിക്കാൻ സൗകര്യമാക്കി തന്നു. കുടംബത്തിലെ അമ്മ ബഞ്ചിലിരുന്നു. ബാക്കിയുള്ളവർ ബഞ്ചിലും താഴെയുമൊക്ക ഇരുന്നും നിന്നും ഞങ്ങളുമായി സംസാരിച്ചു. എന്നെ ആകർഷിച്ചത് മറ്റൊന്നായിരുന്നു. തോർത്തുവിരിച്ച കസേരയെനോക്കി ഞാൻ ചോദിച്ചു ഇതിൽ ആരും ഇരിക്കാത്തത് എന്താണ്? അത് ചാച്ചന്റെ കസേരയാണ്, അതിൽ ഞങ്ങൾ ആരും ഇരിക്കാറില്ല. മരിച്ചിട്ട് അഞ്ചുവർഷങ്ങൾ കഴിഞ്ഞിട്ടും ചാച്ചനോടുള്ള ആദരവ് കാത്തുസൂക്ഷിക്കുന്ന ഈ കുടുംബത്തെക്കുറിച്ച് എനിക്കു നല്ല മതിപ്പുതോന്നി. വീട്ടിലുള്ളവർ പറയുകയാണ് ആ കസേരയും തോർത്തും കാണുമ്പോൾ ചാച്ചന്റെ സാന്നിധ്യവും സാമീപ്യവും ഞങ്ങൾക്കു ലഭിക്കുന്നുണ്ട് എന്ന്. ചാച്ചനെക്കുറിച്ച് പറയുവാൻ എല്ലാവർക്കും നൂറുനാവാണ്. അവിടുത്തെ രണ്ടാമത്തെ മകൾ പറയുകയാണ് “ഞങ്ങളുടെ ചാച്ചനും അമ്മച്ചിയും തമ്മിൽ ഒരിക്കലും പിണങ്ങിയതായോ കോപത്തോടെ സംസാരിക്കുന്നതായോ ഞങ്ങൾ ഒരിക്കലും കണ്ടിട്ടില്ല”. ഞാനപ്പോൾ അമ്മച്ചിയെ നോക്കി. സന്തോഷത്തിന്റെയും സംതൃപ്തിയുടെയും പുഞ്ചിരി അമ്മയുടെ മുഖത്തു കാണാമായിരുന്നു. ഇന്ന് എത്ര കുടുംബങ്ങളിലെ മക്കൾ ഇങ്ങനെ പറയും?

> **“എനിക്ക് ഓർമ്മവച്ച നാൾമുതൽ നല്ലതല്ലാതെ വേറൊന്നും എന്റെ വീട്ടിൽ ഞാൻ കണ്ടിട്ടില്ല. അപ്പച്ചൻ പ്രാർത്ഥിക്കുന്നതുകണ്ടാണ് ഞാൻ പ്രാർത്ഥിക്കാൻ പഠിച്ചത്. പ്രാർത്ഥിക്കുമ്പോൾ അദ്ദേഹത്തിന്റെ മുഖം ഒരു മാലാഖയുടേതുപോലെയിരിക്കും”.**

ആ മകൾ പറഞ്ഞവ എന്നിൽ അലയടിച്ചപ്പോൾ ഓർമ്മവന്നത് വി. കൊച്ചുത്രേസ്യായുടെ വാക്കുകളാണ്: “എനിക്ക് ഓർമ്മവച്ചനാൾ മുതൽ നല്ലതല്ലാതെ വേറൊന്നും എന്റെ വീട്ടിൽ ഞാൻ കണ്ടിട്ടില്ല. അപ്പച്ചൻ പ്രാർത്ഥിക്കുന്നതുകണ്ടാണ് ഞാൻ പ്രാർത്ഥിക്കാൻ പഠിച്ചത്. പ്രാർത്ഥിക്കുമ്പോൾ അദ്ദേഹത്തിന്റെ മുഖം ഒരു മാലാഖയുടേതുപോലെയിരിക്കും”. വിശുദ്ധമായ കുടുംബത്തിലെ മകളുടെ ജീവിതാനുഭവം.

ഗാർഹികസഭയായ കുടുംബം പ്രാർത്ഥനയുടെ ഭവനമായിരിക്കണം. ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒന്നിച്ചു നിലനില്ക്കും. പ്രാർത്ഥനയ്ക്കായി പ്രത്യേകമുറി കരുതിവയ്ക്കുന്ന രീതി ഏറിയപങ്കും ഇന്നു കാണാറുണ്ട്. എന്നാൽ അവ പേരിനു മാത്രമായി പോകരുതെന്നുമാത്രം. ഓരോ ദിനവും മുറ്റത്തുനിന്ന് പൂക്കൾ പറിച്ചു തിരുസ്വരൂപങ്ങൾക്കുമുമ്പിൽ വയ്ക്കുക, പതിവായി പ്രാർത്ഥനാനേരം ദീപം തെളിക്കുക ഇവയൊക്കെ കുഞ്ഞുമനസുകളിൽ ആഴത്തിൽ പതിയും. അനുദിനമുള്ള ദൈവവ

ചന വായനയ്ക്ക് കുടുംബപ്രാർത്ഥനയിൽ പ്രഥമസ്ഥാനം നല്കണം. മാതാപിതാക്കൾക്കും തങ്ങളേക്കാൾ മുതിർന്നവർക്കും സ്തുതിചൊല്ലുന്ന രീതി തലമുറകളെ കൂട്ടിയിണക്കുന്ന ഒന്നാണ്. പിന്നീട് ഇവയെല്ലാം ഒരു ശീലമായി കുടുംബത്തിൽ നിലനില്ക്കും.

നീതിമാന്റെ പ്രാർത്ഥന മേഘച്ചുരുളുകളെ ഭേദിച്ച് ദൈവസന്നിധിയിലേക്ക് ഉയരുന്നു എന്ന് സങ്കീർത്തകൻ പറയുന്നു. പ്രലോഭനങ്ങളെ ചെറുത്തുനില്ക്കാനുള്ള സമരായുധമാണ് പ്രാർത്ഥന. ദൈവാഭിമുഖ്യം ജീവിതവിജയത്തിന് അത്യന്താപേക്ഷിതമാണ്. ദൈവം മനുഷ്യനോടും മനുഷ്യൻ ദൈവത്തോടും ബന്ധം പുലർത്തുകയും ഒപ്പം വസിക്കുകയും ചെയ്യുന്ന നിമിഷങ്ങളാണവ. വ്യക്തിപരമായി വിശുദ്ധ ഗ്രന്ഥം വായിക്കാൻ മക്കളെ പ്രോത്സാഹിപ്പിക്കണം. അനുദിനസാഹചര്യങ്ങളെ ശാന്തമായി സ്വീകരിക്കാനുള്ള ശക്തിസ്രോതസ്സായി അത് തീരുമെന്നതിൽ സംശയമില്ല. ദൈവത്തോടുള്ള ബന്ധം കുറയുമ്പോൾ സാമൂഹ്യബന്ധങ്ങളിലും ഉലച്ചിലുകൾ ഉണ്ടാവും. ഒരവധി ദിനം വന്നാൽ മക്കളെ രാവിലെ എഴുന്നേല്പിച്ച് പള്ളിയിൽ വി. കുർബാനയ്ക്കായി പറഞ്ഞുവിടാൻ എത്ര മാതാപിതാക്കൾ ശ്രമിക്കുന്നുണ്ട്. ഓ! എല്ലാദിവസവും പഠിച്ച് ക്ഷീണിതരായവരല്ലേ കിടന്നുറങ്ങട്ടെ എന്നു കരുതുന്ന മാതാപിതാക്കളും ചുരുക്കമല്ല.

മക്കൾക്ക് ഭൗതികമായ അറിവും വിദ്യാഭ്യാസവും ലഭിക്കുവാൻ മാതാപിതാക്കൾ അക്ഷീണം യത്നിക്കാറുണ്ട്. തങ്ങളുടെ സാമ്പത്തികനില മോശമാണെങ്കിൽപോലും കടമെടുത്തോ, ലോൺവഴിയോ മറ്റുമൊക്കെ പഠിപ്പിക്കും. എന്നാൽ മക്കളുടെ പഠനകാര്യങ്ങൾ അന്വേഷിക്കുന്ന മാതാപിതാക്കളിൽ എത്രപേരുണ്ട് സൺഡേസ്കൂളിൽ ചെന്ന് വിശ്വാസപരിശീലന കാര്യങ്ങളിൽ അവർ എങ്ങനെ പോകുന്നു എന്നു തിരക്കുന്നതിൽ താല്പര്യവും ശ്രദ്ധയും കാട്ടുന്നവർ? ബുദ്ധിമാത്രം വളർത്തി വലുതായിട്ട് എന്താ വിശേഷം? അത് വികൃതമാകുകയേയുള്ളൂ. അറിവ് വളർത്തി ബുദ്ധിവികസിക്കുമ്പോൾ ഹൃദയം ചുരുങ്ങാതിരിക്കാൻ ശ്രദ്ധിക്കുക. വിജ്ഞാനത്തോടൊപ്പം ദൈവികജ്ഞാനവും വളർത്തി ഹൃദയത്തെ വിശാലമാക്കിയാൽ മക്കൾക്ക് വിശുദ്ധിയുടെ പടവുകൾ വളരെ എളുപ്പം ചവിട്ടിക്കയറുവാൻ സാധിക്കും.

മക്കളുടെ ദൈവവിളിയെ കണ്ടെത്താനുള്ള സഹായഹസ്തം നീട്ടേണ്ടത് മാതാപിതാക്കളുടെ അവശ്യകടമയാണ്; ഒപ്പം ദൈവവിളി സ്വീകരിച്ചവർക്കായി പ്രാർത്ഥിക്കേണ്ട ആവശ്യകതയും. വിശ്വാസചൈതന്യത്തിൽ മക്കളെ വളർത്തിക്കൊണ്ടുവരുന്നതോടൊപ്പം പ്രായപൂർത്തിയാകുമ്പോൾ പരിപക്വമായ ഉത്തരവാദിത്തബോധത്തോടെ തങ്ങളുടെ ദൈവവിളിയെ തെരഞ്ഞടുക്കാനും ജീവിതാന്തസ്സ് പിന്തുടരുവാനും പ്രാപ്തരാകാൻ പര്യാപ്തമായ പരിശീലനം മാതാപിതാക്കൾ മക്കൾക്കു കൊടുക്കണം (സഭ ആധുനികലോകത്തിൽ No.52).

പതിനൊന്നാം പീയൂസ് മാർപാപ്പാ പൗരോഹിത്യത്തെക്കുറിച്ചുള്ള ചാക്രികലേഖനത്തിൽ പ്രസ്താവിക്കുന്നു: വിശുദ്ധരായ മെത്രാന്മാരെയും വൈദികരെയും തൽസ്ഥാനങ്ങളിലേക്കു ക്ഷണിക്കുകയും അവർ ആക്ഷണം സ്വീകരിച്ച് വിശുദ്ധരായി ജീവിക്കുകയും ചെയ്യാനുള്ള പ്രഥമകാരണം ദൃഢവിശ്വാസത്താലും വേരുറച്ച പുണ്യങ്ങളാലും അലംകൃതനായ ഒരു പിതാവിന്റെയും നിഷ്കളങ്കയും ത്യാഗസന്നദ്ധയുമായ ഒരു മാതാവിന്റെയും ദൈവസ്നേഹവും പരസ്നേഹവും അനാഡംബരജീവിതരീതിയും പുലരുന്ന ഒരു കുടുംബത്തിലെ മറ്റംഗങ്ങളുടെയും സന്മാതൃകയും സദുപദേശങ്ങളുമാണ്. വിശ്വാസജീവിതത്തിൽ അടിയുറപ്പിച്ചു വളർത്തുന്നതിലൂടെ പിതൃത്വവും മാതൃത്വവും ഫലമണിയുന്നു.









# വിശുദ്ധരുടെ വണക്കം

**ഡോ. തോമസ് പൂവത്താനിക്കുന്നേൽ**
കാഞ്ഞിരപ്പള്ളി

നമ്മുടെ കർത്താവീശോമിശിഹായുടെ മാമ്മോദീസായിൽ ആരംഭിച്ച പരസ്യജീവിതം ദൈവാവിഷ്കരണത്തിന്റെ ജീവിതമായിരുന്നു. മാമ്മോദീസാവേളയിൽത്തന്നെ പരിശുദ്ധ ത്രിത്വവും ഈശോയുടെ ദൈവപുത്രത്വവും വെളിപ്പെടുത്തപ്പെട്ടു. തന്റെ വചനത്താലും പ്രവൃത്തിയാലും ഈശോ പിതാവിന്റെ മുഖം വെളിപ്പെടുത്തി. ഈ ദൈവാവിഷ്കരണസംഭവങ്ങൾ അനേകർക്ക് തങ്ങളുടെതന്നെ ജീവിതത്തെയും ജീവിതാവസ്ഥകളെയും വെളിപ്പെടുത്തുന്ന വേദിയായി. ഈശോയുടെ രക്ഷാപദ്ധതിയുടെ ലക്ഷ്യം പിതാവിന്റെ ഹിതം നിറവേറ്റിക്കൊണ്ട് ഭൂമിയിൽ അവിടുത്തെ മഹത്ത്വപ്പെടുത്തുക എന്നതായിരുന്നു (യോഹ 17,4).

ഈശോ ശിഷ്യരെ തിരഞ്ഞെടുത്തതും അവരുടെ അടിത്തറയിൽ സഭാഗാത്രത്തെ രൂപപ്പെടുത്തിയതും ഈ ദൈവികമഹത്ത്വം ലോകാവസാനംവരെ പ്രത്യക്ഷമാക്കുന്നതിനുവേണ്ടിയായിരുന്നു. ആദിപാപം ദൈവത്തിന്റെ മഹത്ത്വത്തെ മനുഷ്യൻ മറന്നതാണെങ്കിൽ, അവിടുത്തെ വാക്കുകൾ അവഗണിച്ചതും പിശാചിന്റെ വാക്കുകൾ വിശ്വസിച്ചതുമാണെങ്കിൽ, "എന്റെ ഇഷ്ടമല്ല, അവിടുത്തെ ഇഷ്ടം നിറ

വേറട്ടെ" (ലൂക്കാ 22,42) എന്നു പറഞ്ഞുകൊണ്ട് ഈശോ പരിഹാരമനുഷ്ഠിച്ചു. അതിനാൽത്തന്നെ അവിടുത്തെ അനുഗമിക്കുന്നവരും സ്വയം ത്യജിച്ച് ദൈവഹിതത്തിന്റെ കുരിശുംപേറി നീങ്ങണം.

ഇപ്രകാരം സ്വജീവിതത്തിൽ ദൈവഹിതം പൂർത്തീകരിച്ച് ദൈവത്തെ മഹത്ത്വപ്പെടുത്തുകയും ദൈവഹിതം നിവർത്തിക്കുകയും ചെയ്തവരെ സഭ വിശുദ്ധരെന്നു വിളിക്കുന്നു. സീറോ മലബാർസഭയിൽ ദഹനാക്കാലത്ത്, പ്രത്യേകിച്ച് വെള്ളിയാഴ്ചകളിൽ വിശുദ്ധരെ അനുസ്മരിക്കുന്നുണ്ട്. വിശുദ്ധർ വിശ്വാസികൾക്ക് അനുകരണീയമായ മാതൃകകൾ കാണിച്ചുതരുന്നു. ഇവരെ സഭ വണങ്ങുകയും തിരുശേഷിപ്പുകളും ചിത്രങ്ങളും പൂജ്യമായി കരുതുകയും ചെയ്യുന്നു (SC 111). ദൈവത്തിന്റെ വിവിധ രൂപത്തിലുള്ള പ്രസാദവരത്താൽ പൂർണത പ്രാപിക്കുകയും നിത്യരക്ഷ അവകാശപ്പെടുത്തുകയും ദൈവത്തിനു സ്വർഗത്തിൽ പൂർണമായ സ്തുതിപാടുകയും ചെയ്യുന്ന വിശുദ്ധർ നമുക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുകയും ചെയ്യുന്നു. വിശുദ്ധർ ദൈവികസഭയിലെ മനുഷ്യരുടെ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന പ്രതിനിധികളല്ല. മധ്യസ്ഥത വർദ്ധിപ്പിക്കുവാനും നൊവേനകളുടെ എണ്ണം കൂട്ടുവാനും ചിത്രങ്ങളുടെയും പ്രതിമകളുടെയും വർദ്ധിത പ്രതിഷ്ഠയ്ക്കുമായിട്ടുള്ളവരല്ല വിശുദ്ധർ.

ഭാരതസഭയിൽനിന്നും മൂന്നു ധന്യാത്മാക്കളെ വിശുദ്ധർ എന്ന് സഭ നാമകരണം ചെയ്തു. സുദീർഘവും ക്ലേശകരവും ഏറെ സാമ്പത്തിക പിൻബലവും മാധ്യമശ്രദ്ധയും ആവശ്യമായ ഈ നടപടിയെ നാമകരണനടപടി എന്നാണല്ലോ സഭ വിശേഷിപ്പിക്കുന്നത്. അതിനർത്ഥം സഭ ഇവിടെ വിശുദ്ധരെ സൃഷ്ടിക്കുകയല്ല, മറിച്ച് വിശുദ്ധരായി ജീവിച്ചു മരിച്ച് വിശുദ്ധിതന്നെയായ ദൈവസന്നിധിയിലായിരിക്കുന്നവരെ വിശുദ്ധർ എന്ന് പേരു നല്കി ബഹുമാനിക്കുകയും അവർ നയിച്ച മനുഷ്യജീവിതം മാതൃകയായും അനുകരണയോഗ്യമായും കാട്ടിത്തരികയും ചെയ്യുകയാണ്.

ദൈവത്തെ മറന്ന് വിശുദ്ധരുടെ പിന്നാലെ പരക്കംപായുന്നത് സഭാപ്രബോധനത്തിനു വിരുദ്ധമാണ്. വിശുദ്ധരുടെ തിരുനാളുകൾ രക്ഷാരഹസ്യങ്ങളുടെ തിരുനാളുകളുടെ ആഘോഷങ്ങളെക്കാൾ പ്രാധാന്യംനേടാതിരിക്കാൻ വേണ്ട ക്രമീകരണങ്ങൾ സഭ നിർദ്ദേശിക്കുന്നുണ്ട് (SC 111). എന്നാൽ ഇന്ന് ക്രിസ്തുമസ്, പെസഹാ, ഈസ്റ്റർ, പന്തക്കുസ്താ തുടങ്ങിയ പെസഹാരഹസ്യങ്ങളുടെ തിരുനാളുകളും വിശുദ്ധരുടെ തിരുനാളാഘോഷങ്ങളും ഏതു തരത്തിലാണെന്നത് പര്യാലോചനാവിഷയമാകേണ്ടതല്ലേ? ഉദ്ദിഷ്ടകാര്യം സാധിച്ചു കിട്ടിയതിനു നല്കുന്ന പരസ്യങ്ങളിൽ വിശുദ്ധരെ അത്ഭുതപ്രവർത്തകരായി ചിത്രീകരിക്കുന്നത് വിശുദ്ധഗ്രന്ഥവിരുദ്ധമാണ്. ഈശോയുടെ സ്വർഗാരോഹണാനന്തരം ആദ്യ അത്ഭുതമായി മുടന്തനു സൗഖ്യം നല്കിയ പത്രോസിനെ അത്ഭുതത്തോടെ നോക്കിയ ജനത്തോട് പത്രോസ് ചോദിക്കുന്നു: ‘‘നിങ്ങളെന്തിന് ഇതിൽ അത്ഭുതപ്പെടുന്നു? ഞങ്ങൾ സ്വന്തശക്തിയോ സുകൃതമോകൊണ്ട് ഇവനു നടക്കാൻ കഴിവുകൊടുത്തു എന്ന മട്ടിൽ ഞങ്ങളെ സൂക്ഷിച്ചുനോക്കുന്നതെന്തിന്? അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവം, നമ്മുടെ പിതാക്കന്മാരുടെ ദൈവം, തന്റെ ദാസനായ ഈശോയെ മഹത്ത്വപ്പെടുത്തിയിരിക്കുന്നു’’ (നട 3,12-13). എന്നാൽ ഇന്ന് വിശുദ്ധരെ പ്രതിഷ്ഠിക്കുന്നതും അവരെ അവതരിപ്പിക്കുന്നതും "അത്ഭുതപ്രവർത്തകർ" ആയിട്ടാണ്. തിരുനാൾ പരസ്യങ്ങളുടെ തലക്കെട്ടിൽത്തന്നെ ഇതു വ്യക്തമാക്കപ്പെടുന്നു.

സാബത്തുകൾ നല്കിയതിനെക്കുറിച്ച് എസക്കിയേൽ പ്രവാചകനിലൂടെ കർത്താവ് അരുളിച്ചെയ്യുന്നു: "തങ്ങളെ വിശുദ്ധീകരിക്കുന്ന കർത്താവ് ഞാനാണെന്ന് അവർ അറിയാൻവേണ്ടി അവർക്കും എനിക്കുമിടയിൽ അടയാളമായി എന്റെ സാബത്തുകളും ഞാൻ അവർക്കു നല്കി" (20,12). ദിനാചരണങ്ങൾക്കു കാരണമായിരിക്കുന്ന യാഥാർത്ഥ്യങ്ങളെല്ലാം ഈ അർത്ഥത്തിലാണ് നാം മനസ്സിലാക്കേണ്ടത്. നമ്മുടെ സഭയിലെ ചില പ്രവണതകൾ സഭയുടെ ദർശനമായി നാം തെറ്റിദ്ധരിക്കരുത്. സഭാപ്രബോധനവിരുദ്ധമായി വിശുദ്ധരെ സൃഷ്ടിക്കുവാനും അവരുടെ മഹത്ത്വത്തിൻ തണലിൽ എന്തും കാട്ടിക്കൂട്ടാനുമുള്ള മനുഷ്യന്റെ വികൃതമനസ്സുകളിൽ ആത്മാവിന്റെ കൃപാവരം ചൊരിയപ്പെടുവാൻ പ്രാർത്ഥിക്കേണ്ടതുണ്ട്.

ദാരിദ്ര്യത്തെ വ്രതമായി സ്വീകരിച്ച് അനുഷ്ഠിച്ചവരാണ് ഭാരതസഭയിലെ മൂന്നു വിശുദ്ധനാമധാരികളും. ഇവർ മാത്രമാണ് ഇത്രയും വർഷം പഴക്കമുള്ള നസ്രാണിസഭയിലെ വിശുദ്ധർ എന്ന ധാരണയുണ്ടാവരുത്. ദൈവം ഓരോരുത്തർക്കും വിവിധ വരങ്ങളാണ് നല്കിയിരിക്കുന്നത്. പന്ത്രണ്ടു പേരെ മാത്രമേ ഈശോ ശ്ലീഹന്മാരായി തിരഞ്ഞെടുത്തുള്ളു. അവർ മാത്രമായിരുന്നു ഈശോയുടെ ഉത്തമ അനുയായികളെന്നോ അവർ തെറ്റുകളില്ലാത്തവരായിരുന്നെന്നോ അതിനർത്ഥമില്ല. പരിശുദ്ധ മറിയം പാപക്കറയേശാത്തവളായി ജനിക്കുകയും ജീവിക്കുകയും മരിക്കുകയും ചെയ്തവളാണ്. ശ്ലീഹന്മാർ പതിനൊന്നു പേരും ഓടിയൊളിച്ചപ്പോഴും കുരിശിൻ ചുവട്ടിൽ നില്ക്കാൻ ധൈര്യം കാട്ടിയ സ്ത്രീകളുണ്ട്. ശ്ലീഹന്മാർ പഴയ ജോലിയിലേക്ക് തിരിച്ചുപോയപ്പോഴും നാഥനായി അനുഭവിച്ചറിഞ്ഞ ഈശോയെ കണ്ടെത്തുന്നതുവരെ കല്ലറയിങ്കിൽ കരഞ്ഞുകൊണ്ടിരുന്ന മഗ്ദലേനയുണ്ട്. ക്രൂശിക്കൽ നടപ്പാക്കാൻ നിയോഗിക്കപ്പെട്ടതിന്റെ പേരിൽ എല്ലാറ്റിനും ദൃക്സാക്ഷിയായി "ഈ മനുഷ്യൻ തീർച്ചയായും നീതിമാനായിരുന്നു" (ലൂക്കാ 23,47) എന്നു പറഞ്ഞ ശതാധിപനുമുണ്ട്. വിശുദ്ധരെ നമുക്കു നല്കുന്നത് എന്തിന് എന്നും അവർ ആരാണ് എന്നും ഇവിടെ വ്യക്തമാകുന്നു. സഭയിൽ മാമ്മോദീസാ സ്വീകരിച്ചവരെ ‘‘വിശുദ്ധർ’’ എന്നു വിളിക്കാൻ വിശുദ്ധ പൗലോസിന് യാതൊരു പ്രയാസവും ഇല്ല എന്ന് അദ്ദേഹത്തിന്റെ ലേഖനങ്ങളുടെ ആമുഖങ്ങൾ വ്യക്തമാക്കുന്നു.

എന്നാൽ ഈ സത്യങ്ങളെ തമസ്കരിക്കുമാറ് ഇന്നു വിശുദ്ധരെ പ്രതിഷ്ഠിക്കുകയും ദൈവാലയങ്ങളെല്ലാം ദേശീയ, അന്തർദ്ദേശീയ തീർത്ഥാടനകേന്ദ്രങ്ങളാക്കുന്നതിനായി അവിടെയെല്ലാം വിനോദസഞ്ചാരികളെ ആകർഷിക്കാനുതകുന്ന "വിശുദ്ധ പാർക്കുകൾ" നിർമ്മിക്കുന്നതിനുള്ള വ്യഗ്രത സഭയിൽ വർദ്ധിച്ചുവരികയും ചെയ്യുമ്പോൾ നാം ജാഗരൂകരായിരിക്കണം. കാരണം അന്ധകാരശക്തികൾ പ്രകാശത്തിന്റെ ശക്തികളെക്കാൾ പ്രബലമാണ്. അത് രൂപഭാവങ്ങൾ മാറ്റി പ്രത്യക്ഷപ്പെടുന്നു.

*ദനഹാ എന്ന സുറിയാനിപദത്തിന്റെ വ്യാച്യാർത്ഥം സൂര്യോദയം എന്നാണ്. പരസ്യജീവിതത്തിന് ആരംഭം കുറിച്ചുകൊണ്ട് സ്നാപകയോഹന്നാനിൽ നിന്നും ഈശോ സ്വീകരിച്ച മാമ്മോദീസായിലൂടെ പിതാവായ ദൈവം സ്വപുത്രനെ ലോകത്തിനു വെളിപ്പെടുത്തിക്കൊടുത്തതിനെയാണ് ആരാധനക്രമത്തിൽ ദനഹാ എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത്. പാപത്തിന്റെ അന്ധകാരത്തിൽനിന്നും മനുഷ്യവംശത്തെ ദൈവികപ്രകാശത്തിലേക്ക് ഉയർത്തുവാൻ ഉദിച്ച സൂര്യതേജസ്സായ മിശിഹായുടെ പരസ്യജീവിതം ഈ കാലഘട്ടത്തിൽ നാം പ്രത്യേകമായി അനുസ്മരിക്കുന്നു.*

**പ്രിയപ്പെട്ട കൂട്ടുകാരെ, ഈശോയുടെ പീഡാനുഭവ വിവരണങ്ങൾ വി. മത്തായി, വി. മർക്കോസ്, വി. ലൂക്കാ എന്നീ സുവിശേഷകന്മാർ നൽകുന്നതെങ്ങനെയെന്ന് താഴെകൊടുത്തിരിക്കുന്ന ബോക്സിൽ നിന്നും കണ്ടെത്തൂ....**

1. യോസേയുടെ അമ്മയുടെ പേര്?
2. മനുഷ്യാ നീ പറയുന്നത് എന്താണെന്ന് എനിക്കറിഞ്ഞുകൂടാ എന്ന് പറഞ്ഞ ശിഷ്യൻ?
3. ഇപ്പോൾ മുതൽ മനുഷ്യപുത്രൻ ദൈവശക്തിയുടെ വലത്തുവശത്ത് ഇരിക്കും എന്ന് രേഖപ്പെടുത്തിയിരിക്കുന്ന പഴയനിയമഭാഗം?
4. അലക്സാണ്ടറിന്റെ പിതാവിന്റെ പേര്?
5. ഈശോയുടെ കുരിശു ചുമക്കാൻ സഹായിച്ച ശിമയോന്റെ ജന്മദേശം?
6. പുതിയ ഉടമ്പടി സ്ഥാപിച്ചശേഷം ഈശോയും ശിഷ്യന്മാരും എങ്ങോട്ടാണ് പോയത്?
7. ശിഷ്യന്മാരെല്ലാവരും ഈശോയെ വിട്ട് ഓടിപ്പോയപ്പോൾ അവനെ അനുഗമിച്ചതാരാണ്?
8. 'യഹൂദരുടെ രാജാവ്' എന്ന ലിഖിതത്തിന് മർക്കോസ് സുവിശേഷകൻ നൽകിയിരിക്കുന്ന വിശേഷണം?
9. മുപ്പത് വെള്ളിനാണയങ്ങളെടുത്ത് കുശവന്റെ പറമ്പിനായി അവർ കൊടുത്തു എന്ന് പ്രസ്ഥാവിച്ചിരിക്കുന്ന പ്രവാചകൻ?
10. ഈശോയെ കല്ലറയിൽ സംസ്കരിച്ചതാര്?

| | | | | | | |
|---|---|---|---|---|---|---|
| യം | നം | കു | | സ് | വ് | നാ |
| മി | ത്ത | റ്റ | ത്രോ | വാ | റേ | |
| റ | ർ | പ | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |

(15 വയസ്സുവരെയുള്ള കൂട്ടുകാർക്കാണ് ഈ മത്സരം. ലഭിക്കുന്ന ശരിയുത്തരങ്ങളിൽ നിന്നും നറുക്കിട്ടായിരിക്കും വിജയിയെ കണ്ടെത്തുക. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി - ഫെബ്രുവരി 28).

**അയയ്ക്കേണ്ട വിലാസം:**
പ്രതീക്ഷയുടെ പൂമൊട്ടുകൾ, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി. ഒ., കോട്ടയം 686 018

തയ്യാറാക്കിയത്:
**ജിനു നിരപ്പേൽ**


18



**ബാലനോവൽ – 3**

# ആത്മാവിൽ ദരിദ്രർ

**സ്റ്റെഫി മംഗലത്തുകുന്നേൽ**

കൊച്ചുനാളിലേതന്നെ എല്ലാം അമ്മച്ചിയോടു പറഞ്ഞു ശീലിച്ച മേരിക്ക് അമ്മച്ചിയുടെ മരണശേഷവും അതു തുടരാതിരിക്കാനാവില്ലായിരുന്നു. അതുകൊണ്ടുതന്നെ മേരിയുടെയും സഹോദരങ്ങളുടെയും ജീവിതത്തിൽ തിന്മയുടെ ഒരു അംശംപോലും ഇല്ലായിരുന്നു. തെറ്റായതെന്തെങ്കിലും കണ്ടാൽ അന്നമ്മ സ്നേഹത്താലും ശാസനയാലും അവരെ തിരുത്തിയിരുന്നു. തങ്ങളുടെ ജീവിതത്തിൽ സംഭവിച്ച ഓരോ കൊച്ചുകാര്യവും വള്ളിപുള്ളി വിടാതെ അമ്മയോടു പറയുന്നതിൽ മക്കൾക്കും വലിയ ഉത്സാഹമായിരുന്നു.

വൈകിട്ടു സ്കൂളുവിട്ടു മടങ്ങുന്നവഴി ഇത്തിരി പണം എവിടെ കിട്ടുമെന്നായിരുന്നു മൂവരുടെയും ചിന്ത. 'ഒരു ലോട്ടറിയടിച്ചിരുന്നെങ്കിൽ.... നമ്മുടെ വിഷമങ്ങളെല്ലാം തീർന്നേനെ'. അഞ്ചാം ക്ലാസ്സുകാരൻ റ്റോമിയുടെതാണ് കമന്റ്. 'വേണ്ട റ്റോമിചാച്ചാ, കഷ്ടപ്പെടാതെ കിട്ടുന്ന പണംകൊണ്ട് സന്തോമായി ജീവിക്കാനാവില്ലെന്ന് മേരിചേച്ചി പറഞ്ഞുതന്നിട്ടില്ലേ?'

'ദേ ഒരു പൊതി കിടക്കുന്നു. ആരുടെയെങ്കിലും കൈയിൽനിന്നും നഷ്ടപ്പെട്ടുപോയതാവും'. വഴിയിൽ കിടന്ന പൊതിയെടുത്തുകൊണ്ട് ആനി പറഞ്ഞു: 'പണമായിരിക്കും'. 'അതെ പണം തന്നെ.... കണ്ടോ ഞാൻ പറഞ്ഞില്ലേ കർത്താവു നമ്മുടെ പ്രാർത്ഥന കേട്ടു'. റ്റോമി സന്തോഷംകൊണ്ട് മതിമറന്നു. 'നമ്മുടെ പ്രശ്നങ്ങളെല്ലാം ഇതോടെ തീരും'. പ്രത്യാശയും സന്തോഷവും നിറഞ്ഞ വാക്കുകളായിരുന്നു റ്റോമിന്റെത്. 'ആനി ചേച്ചി നമുക്കിത് ഇവിടെത്തന്നെ വയ്ക്കാം. അന്യന്റെ മുതൽ നമുക്കുവേണ്ട'. രണ്ടാം ക്ലാസ്സുകാരി മിനിമോളുടെ വാക്കുകളിൽ ഭയം നിഴലിച്ചിരുന്നു. ആനി എന്തു ചെയ്യണമെന്നറിയാതെ കുഴങ്ങി. (തുടരും...)

കൂട്ടുകാരേ, 'വിശുദ്ധിയുടെ മുത്തുകളിലേക്ക്' നിങ്ങളുടെ രചനകളെയും സ്വാഗതം ചെയ്യുന്നു. നല്ല സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ചെറുകഥകളും കുട്ടിക്കവിതകളും സത്ചിന്തകളും, ഒരു പേജിൽ കവിയാതെ *പ്രതീക്ഷയുടെ പൂമൊട്ടുകൾ*ക്ക് അയച്ചുതരിക. സാധ്യമെങ്കിൽ ഫോട്ടോയും. യോഗ്യമായവ പ്രസിദ്ധീകരിക്കുന്നതാണ്.




# DENHA- A MANIFESTATION OF HOLY TRINITY

**Bro. Naveen Plackalil**

Jesus came to the earth as its light. The good news of Christian faith is that even in hours of darkness we have a candlelight. The mission of Jesus is to proclaim that God loves us and wants to give himself to us if we but turn to accept him. Jesus, “God with us,” is the incarnation of this supreme love - light for people who sit in darkness, life in a land overshadowed by death.

The main theme of the season of Denha is the baptism of our Lord. The weeks of *Denha* begins on the Sunday nearest to January 6, the solemnity of *Denha*, Epiphany and runs to the beginning of Great Fast. Let us think a little on the holy trinity. St. Augustine is walking on the seashore pondering with difficulty the mystery of the Holy Trinity, when he comes upon a little boy running back and forth between the sea and a small pool with a seashell of water. When he asks the child what he is doing, the boy replies, “Can’t you see?”, “I’m emptying the sea into this pool.” “You can’t do that”, counters Augustine, to which the little boy says, “I will sooner empty the sea into this pool than you will come to comprehend the mystery of the Holy Trinity.” And with that, the boy, an angel, disappears.

The Second Vatican Council concludes the first part of its exposition on the Church in the Constitution Lumen Gentium with a concise and profound phrase taken from St. Cyprian: “The universal Church has been seen as ‘a people made one with the unity of the Father, the Son and the Holy Spirit’” (LG 4). According to the Council, then, the Church in her very essence is a mystery of faith, which is intimately joined to the infinite mystery of the Trinity. We must now turn our thoughts to this mystery within the mystery, following our previous catecheses on the Church in the teaching of Jesus and the paschal events which he accomplished by his passion, death and resurrection, and crowned on the day of Pentecost with the descent of the Holy Spirit on the apostles. According to the teaching of Vatican II, which was the heir of Tradition, the mystery of the Church is rooted in God the Trinity and therefore has this Trinitarian dimension as its first and fundamental dimension, in as much as the Church depends on and lives in the Trinity from her origins to her historical conclusion and eternal destination. . Let us live in communion with our neighbours, a communion inspired from the communion of Holy Trinity.

The baptism of Jesus also reminds us of our baptism. Baptism is received only once because it leaves a mark forever on our soul. We often call that mark a seal. Baptism puts a seal on us. This is why baptism is the first sacrament we receive. Baptism, Confirmation, and Holy Orders are the three sacraments that seal our souls forever, changing them forever, which is why we receive them only once.

When Jesus was baptized he received an outpouring of the Holy Spirit in the form of a dove coming down and resting on him (John 1:32). This also shows the profound difference between the baptism of John and the baptism of Jesus. The presence of God in the temple in the Old Testament was called the Shekinah or Glory of God which was really the Holy Spirit, visible in the form of a cloud. A Jewish tradition says that before the temple was destroyed in 587 BC the Shekinah or Glory of God was seen departing the temple in the form of a dove. Although the temple was later rebuilt the Shekinah or Glory of God did not return to the temple. The next time we see a dove is at Jesus’ baptism when the Holy Spirit descended on Jesus. Jesus is the replacement of the temple of the New Covenant. Therefore when Jesus cleansed the temple, driving out the money changers he said, “Destroy this temple and in three days I will raise it up” (John 2:19). Now Jesus is the temple, and the Holy Spirit - seen in the form of a dove departing the temple before its destruction - descends on Jesus and when we are baptized the Holy Spirit descends on us sealing us forever. Let us be aware of our Christian identity, we have got through baptism and through our life let us spread the message of God’s love.

# ‘ഇവൻ എന്റെ പ്രിയപുത്രൻ’

## (മത്താ 3,17)

**ജൂലി വന്യംപറമ്പിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്



**ന**സ്രസ്സിൽ അമ്മയ്ക്കും യൗസേപ്പിനും വിധേയനായി ജീവിച്ചിരുന്നവൻ തന്റെ രഹസ്യജീവിതത്തിന്റെ മറ നീക്കി, പരസ്യജീവിതം തുടങ്ങുവാൻ ഇടയായ നിമിഷം! പിതാവ് നിശ്ചയിച്ചുറപ്പിച്ചത് പുത്രൻ തിരിച്ചറിഞ്ഞതോ ശ്രവണത്തിലൂടെയും! ഈ ത്രിത്വാത്മക രഹസ്യത്തിന്റെ വെളിപ്പെടുത്തൽ ഓരോ ജന്മത്തിനുമേലും ഉദിച്ചുയരുന്നുണ്ട്. ‘വെട്ടം’ വീണ വഴിയിലൂടെ നടന്നുനീങ്ങുമ്പോൾ മെല്ലെ മന്ത്രിക്കുന്ന സ്വരവും കേൾക്കാം... ‘ആഴം ആഴത്തെ വിളിക്കുന്ന’ നിശ്ശബ്ദതയിൽ... ഹൃദയം ഹൃദയത്തോട് ചേരുന്ന ആ സ്വർഗ്ഗീയ സൗന്ദര്യ ലഹരിയിൽ. അവിടെ നീ ചുവടു വച്ചു തടുങ്ങുക.

**നീ** നൈരാശ്യത്തിന്റെ പടുകുഴിയിലോ, പരാജയത്തിന്റെ കയ്പുനീരിലോ, തീരാരോഗത്തിന്റെ കണ്ണീർക്കയത്തിലോ, സംശയത്തിന്റെ മുൾമുനയിലോ...എവിടെയുമാകട്ടെ. നിന്നിലെ സത്യാന്വേഷണം തുടരുക. സത്യം... അത് നിന്നിലെ ‘വെട്ട’മാണ്. യാതൊരു കാറ്റിലും തിരയിലും പെട്ട് കെടാതെ നീ സൂക്ഷിച്ച വിശ്വാസത്തിന്റെ നാളം! ആ വെട്ടം നീ തിരിച്ചറിഞ്ഞാൽ...നിന്റെ യാത്രയിലുടനീളം ഒളിതൂകുന്ന പൊൻതാരകമായി മാറുമത്. അത് അനേകർക്ക് ഇരുളകറ്റുന്ന ദീപമാകും. അപ്പോൾ നിന്നെയും നോക്കി ആ ശബ്ദമുണ്ടാകും “ഇവൻ എന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു”.







# പുതിയ മനുഷ്യരാകുക

**ഫാ. ഷിബു പുളിക്കൽ**
കല്യാൺ രൂപത

**ഒ**രു വൈദികൻ നദീതീരത്തുള്ള തന്റെ പള്ളിയിൽ ഇരുന്ന് ദൈവപരിപാലനയെക്കുറിച്ച് പ്രസംഗം തയ്യാറാക്കികൊണ്ടിരിക്കുകയായിരുന്നു. പെട്ടെന്ന് വലിയൊരു പൊട്ടിത്തെറിയും, ആളുകൾ ഓടുന്ന ശബ്ദവും കേട്ട് ജനൽ തുറന്ന് നോക്കി. ഓടിപ്പോകുന്ന ഒരു മനുഷ്യൻ അച്ചനെ കണ്ട് വിളിച്ചുപറഞ്ഞു ‘അച്ചാ ഓടിക്കോ, അണക്കെട്ട് പൊട്ടി. ഇപ്പോൾ വെള്ളം ഇങ്ങോട്ടുവരും. ഓടാൻ തയ്യാറായ അച്ചൻ പെട്ടെന്ന് ഓർത്തു ‘ഞാൻ ദൈവപരിപാലനയെക്കുറിച്ച് പ്രസംഗം തയ്യാറാക്കുകയാണ്. ഇപ്പോൾ ഓടുന്നത് ശരിയല്ല. ദൈവം എന്നെ രക്ഷിച്ചോളും’. പെട്ടെന്ന് വെള്ളം ആർത്തിരമ്പിയെത്തി, അച്ചൻ ടെറസിൽ കയറി. വെള്ളം ഉയർന്നുവന്നുകൊണ്ടിരുന്നു. അപ്പോൾ ഒരു ബോട്ട് നിറയെ ആളുകൾ ആ വഴി വന്നു. അച്ചനെ കണ്ട് അവർ പറഞ്ഞു. ‘ഇങ്ങോട്ട് കയറിക്കോ അച്ചോ’ അച്ചൻ പറഞ്ഞു.

'ഇല്ല മക്കളേ, ദൈവം എന്നെ പരിപാലിക്കും'. അച്ചൻ കയറിയില്ല. പിന്നെയും പല ബോട്ടുകൾ കടന്നുപോയി. ഒരു ബോട്ടിലും കയറാതെ അച്ചൻ പതിവു പല്ലവി ആവർത്തിച്ചു 'എന്നെ ദൈവം രക്ഷിക്കും'. അവസാനം വെള്ളപ്പൊക്കത്തിൽ അച്ചൻ മരിച്ചു. സ്വർഗ്ഗത്തിലെത്തിയ അച്ചൻ ദൈവത്തോട് പരാതിപ്പെട്ടു. 'ദൈവപരിപാലനയെക്കുറിച്ച് ലേഖനം എഴുതിക്കൊണ്ടിരുന്ന എന്നെ എന്തുകൊണ്ട് രക്ഷിച്ചില്ല?' ദൈവം പറഞ്ഞു: 'ഞാൻ എത്രയോ ബോട്ടുകൾ അയച്ചു. അച്ചനതൊന്നും വകവെച്ചില്ല'.

മനുഷ്യൻ മാനസാന്തരപ്പെടാനും, പശ്ചാത്തപിച്ച് രക്ഷപെടാനും ദൈവം അയയ്ക്കുന്ന ബോട്ടുകളാണ് ധ്യാനങ്ങൾ, ഉപദേശങ്ങൾ, പശ്ചാത്തപിക്കാനുള്ള മറ്റ് അവസരങ്ങൾ തുടങ്ങിയവയെല്ലാം. എന്നാൽ ഒരുപാട് അവസരങ്ങൾ നമുക്ക് മുന്നിലുണ്ടെങ്കിലും മാനസാന്തരപ്പെടാനോ, പാപവഴികൾ ഉപേക്ഷിക്കാനോ നമ്മൾ തയ്യാറല്ല. കാരണം, മറ്റുള്ളവർ എല്ലാം പാപികൾ ഞാൻ മാത്രം നീതിമാൻ എന്ന ഫരിസേയ ചിന്തയാണ് നമുക്കുള്ളിൽ. അത് അഹങ്കാരമാണ്. ദൈവവചനം ഓർമ്മിപ്പിക്കുന്നു. "നീയും നിന്റെ സന്തതികളും ജീവിക്കേണ്ടതിനു ജീവൻ തിരഞ്ഞെടുക്കുക. നിന്റെ ദൈവമായ കർത്താവിനെ സ്നേഹിച്ച് അവിടുത്തെ വാക്കുകേട്ട് അവിടുത്തോട് ചേർന്ന് നിൽക്കുക. നിനക്ക് ജീവനും ദീർഘായുസും ലഭിക്കും" (നിയ 30:29).

പശ്ചാത്താപം ഹൃദയത്തിൽനിന്നു വരണം. അത് ദൈവശിക്ഷയെ ഓർത്തുകൊണ്ടായിരിക്കരുത്. ദൈവസ്നേഹത്തെ ഓർത്തുള്ളതായിരിക്കണം. ദൈവം ശിക്ഷിക്കുമെന്നോർത്ത് പാപം ചെയ്യാതിരിക്കുന്നതിൽ അർത്ഥമില്ല. ദൈവം സ്നേഹിച്ചിട്ടും ഞാൻ ദൈവത്തെ സ്നേഹിക്കുന്നില്ലല്ലോ എന്നതായിരിക്കണം പശ്ചാത്താപത്തിന്റെ കാരണം. അനുതാപത്തിന്റെ കണ്ണീരൊഴുകുന്നത് ദൈവസ്നേഹത്തിനെതിരായി ഞാൻ ചെയ്ത പാപങ്ങളെ ഓർത്തായിരിക്കണം.


കാലം ചെയ്ത മെത്രാനച്ചന്റെ 41-ാം ചരമദിനം എല്ലാ ഇടവകകളിലും ആചരിക്കുന്നുണ്ട്. ഇടദിവസമാണ്, ആളുകൾ വളരെ കുറവ്. ആകെ ഏഴുപേരേ വന്നിട്ടുള്ളു. കുർബാനയ്ക്കു കയറിയ അച്ചൻ കുർബാന ആരംഭിക്കാതെ തന്റെ മുറിയിലേക്ക് തിരിച്ചുപോയി. മുറിയിൽനിന്നും തിരിച്ചുവന്ന അച്ചന്റെ കൈയിൽ കാലം ചെയ്ത മെത്രാനച്ചന്റെ പടമുള്ള വെള്ളി മെഡൽ ഉണ്ടായിരുന്നു. ഏഴുപേർക്കും അത് കിട്ടി. കുർബാന ആരംഭിച്ചു. ഇടക്കിടക്ക് ഭക്തജനങ്ങൾ വന്നുകൊണ്ടിരുന്നു. കുർബാന കഴിഞ്ഞ് വെള്ളി മെഡൽ കിട്ടാത്തവർ അച്ചനെ സമീപിച്ചു. അച്ചൻ മറ്റാർക്കും വെള്ളിമെഡൽ കൊടുത്തില്ല. പിറ്റേ ഞായറാഴ്ച കുർബാനമദ്ധ്യേയുള്ള സുവിശേഷം അച്ചൻ ഇങ്ങനെ വായിച്ചു: 'സ്വർഗ്ഗരാജ്യം വെള്ളിമെഡലിനു സദൃശ്യമാകുന്നു. സമയത്തിനു വന്നവർക്ക് അത് ലഭിച്ചു. വൈകി വന്നവർക്ക് അത് കിട്ടിയില്ല. അങ്ങനെയെങ്കിൽ വരാതിരിക്കുന്നവർക്ക് അത് കിട്ടുമെന്ന് പ്രതീക്ഷിക്കാൻ വല്ല വഴിയുമുണ്ടോ? ആകയാൽ മാനസാന്തരപ്പെടുക, നല്ല മനസ്സുണ്ടാകാൻ ആഗ്രഹിക്കുകയെങ്കിലും ചെയ്യുക, ഉപേക്ഷിക്കപ്പെടുകയില്ല'.









# ശൂന്യവല്കരണത്തിന്റെ പാതയിൽ ഒരു ദനഹാക്കാലം

**ജിസ കൂട്ടിയാനിക്കൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

"മാനസാന്തരപ്പെടുവിൻ; സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു" (മത്താ 3,2). മരുഭൂമിയിൽ ഉയർന്ന ഗർജ്ജനം. എല്ലാവരും ആ സ്വരത്തിന്റെ അടുക്കൽ ഓടിക്കൂടി... ഞങ്ങളെന്തു ചെയ്യണം? അവർ പാപങ്ങളേറ്റു പറഞ്ഞ് മാമോദീസാ സ്വീകരിച്ചു. സുവിശേഷങ്ങളിൽ വിളങ്ങിനില്ക്കുന്ന ശാന്തഗംഭീരവും ശക്തവും ആയ ഒരു വ്യക്തിത്വം, അതാണ് സ്നാപകയോഹന്നാന്റേത്.

ഈ ദനഹാക്കാലത്തിൽ നമ്മുടെ മുമ്പിൽകൂടി കടന്നുപോകുന്ന ഒരു മനോഹര സാന്നിദ്ധ്യമാണ് സ്നാപകൻ. പ്രാർത്ഥനയും തപസ്സും പരുപരുത്ത ജീവിതവുംവഴി നേടിയെടുത്ത ധീരതയും ചൈതന്യവുമായി ഈശോയ്ക്ക് വഴിയൊരുക്കാനായി വന്ന പ്രവാചകപ്രമുഖൻ. സുവിശേഷങ്ങൾ വരച്ചുകാണിക്കുന്ന അദ്ദേഹത്തിന്റെ വിശുദ്ധ ജീവിതത്തിൽനിന്ന് ഏറെ ധ്യാനിക്കാനുണ്ട് നമുക്ക്. തനിക്ക് സത്യമായതൊക്കെ ആരുടെയും മുഖത്ത് നോക്കി വിളിച്ചുപറഞ്ഞ തന്റേടിയായ ആ വ്യക്തിയിൽ വിളങ്ങിയ സ്വയം ശൂന്യവല്കരണത്തിന്റെയും എളിമയുടെയും ഭാവങ്ങൾ വായിച്ചെടുക്കാൻ ഈ ദനഹാക്കാലം നമ്മെ സഹായിക്കട്ടെ.


"നീ മിശിഹായയാണോ"? (യോഹ 1,20) എന്ന യഹൂദരുടെ ചോദ്യത്തിന് അദ്ദേഹം സ്പഷ്ടമായി മറുപടി നല്കി. "ഞാൻ മിശിഹായല്ല". വളച്ചുകെട്ടുകളില്ലാതെ താനാരാണെന്ന യാഥാർത്ഥ്യം ഭയംകൂടാതെ മറ്റുള്ളവരുടെ മുമ്പിൽ തുറന്നു വയ്ക്കുന്ന കർമ്മയോഗി. അതിനുള്ള ആത്മധൈര്യം അദ്ദേഹത്തിനുണ്ടായിരുന്നു. "കർത്താവിന്റെ വഴികൾ നേരെയാക്കുവിൻ എന്ന് മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ 'സ്വരം' ആണ് ഞാൻ". തന്നെക്കുറിച്ചു തന്നെയുള്ള ആത്മാവബോധത്തിന്റെ ഏറ്റുപറച്ചിലായി ഈ വാക്കുകൾ... സ്വന്തം അസ്തിത്വത്തെയും വ്യക്തിത്വത്തെയും മാറ്റിവെച്ചുകൊണ്ട് തന്റെ പിന്നാലെ വരുന്ന യഥാർത്ഥ വചനത്തിന്റെ കാവലാളാകാൻ അദ്ദേഹം ആഗ്രഹിച്ചു. ഇരുതലവാളിനെക്കാൾ മൂർച്ചയേറിയതും അസ്ഥിയിലും മജ്ജ

യിലും സന്ധിബന്ധങ്ങളിലും തുളച്ചുകയറി, ഹൃദയവിചാരങ്ങൾ പുറത്തുകൊണ്ടുവരുവാൻ കഴിയുന്ന വചനത്തിന് ഒളിമറകളില്ലാതെ സാക്ഷ്യം നല്കാൻ തന്റെ ജീവിതം അദ്ദേഹം മാറ്റിവച്ചു. നീ ചെയ്യുന്നത് തെറ്റാണ് (ലൂക്കാ 3,19) എന്ന് അന്നത്തെ ഭരണാധികാരിയുടെ മുഖത്ത് നോക്കിപ്പറയാൻ അദ്ദേഹത്തിന് ഭയം തോന്നിയില്ല. മരണമാണ് അതിന് പ്രതിഫലം എന്നറിഞ്ഞിട്ടും അദ്ദേഹം തെല്ലും കുലുങ്ങിയതുമില്ല. കാരണം ദൈവഹിതമാണ് താൻ നിർവഹിക്കുന്നതെന്ന വലിയ ബോധ്യം സ്നാപകനുണ്ടായിരുന്നു.

സ്വന്തം ശിഷ്യന്മാർ തന്നെ ഉപേക്ഷിച്ചു ഈശോയുടെ പിന്നാലെ പോയപ്പോൾ, അവിടെ തന്റെ ജീവിതദൗത്യത്തിന്റെ സാക്ഷാത്കാരം കണ്ടെത്തുന്നു അദ്ദേഹം. അതും പോരാഞ്ഞ് തന്റെ പ്രിയശിഷ്യരെ രക്ഷകന്റെ അടുക്കലേക്ക് യാത്രയാക്കുക കൂടി ചെയ്യുന്നു. തന്റെ ദൗത്യം നന്നായി നിർവഹിച്ച്, ഈശോയെ ലോകത്തിന് കാണിച്ചുകൊടുത്തതിനു ശേഷം നിശബ്ദതയിൽ പിൻവാങ്ങുന്നു ഈ താപസൻ.

ഈശോയുടെ പരസ്യജീവിതത്തിന് ആരംഭം കുറിക്കാനായി അവന് മാമ്മോദീസാ നല്കുന്നു സ്നാപകൻ. ഇത്തരണത്തിലാണ് സ്വർഗ്ഗം തുറക്കപ്പെട്ടതും ത്രിയേകദൈവസാന്നിദ്ധ്യം പ്രത്യക്ഷമാകുന്നതും. അതിനും ദൈവം അദ്ദേഹത്തെ ഉപകരണമാക്കുകയാണ്. "ഞാൻ നിന്നിൽനിന്നും മാമ്മോദീസാ സ്വീകരിക്കേണ്ടിയിരിക്കെ നീ എന്റെ അടുത്തേക്കു വരുന്നുവോ" എന്നു ചോദിച്ചുകൊണ്ട് തന്റെ നിസ്സാരാവസ്ഥയെ എടുത്തുകാണിക്കുന്ന അദ്ദേഹത്തിന്റെ മുമ്പിൽ ദൈവപുത്രൻ തല കുനിക്കുന്നു. സ്ത്രീകളിൽനിന്നു പിറന്നവരിൽ യോഹന്നാനെക്കാൾ വലിയവനില്ല" (ലൂക്കാ 7,28) എന്ന ഈശോയുടെ വാക്കുകൾ അദ്ദേഹത്തിന്റെ മഹത്ത്വം വിളിച്ചറിയിക്കുന്നതാണ്.

അറിവുള്ളവനേ എളിമയുള്ളൂ... അവനു മാത്രമേ സ്വയം ശൂന്യവല്ക്കരിക്കാനും അറിയുകയുള്ളു. ഒരുവൻ എത്രമാത്രം അറിവിനാൽ നിറയുന്നുവോ, അത്രമാത്രം തന്റെ നിസ്സാരതയെക്കുറിച്ചു ബോധ്യം ഉൾക്കൊള്ളുകയാണ്. സ്വാർത്ഥതയാണ് ലോകത്തിലെ എല്ലാ തിന്മകളുടെയും കാരണം. ഏതു വിധത്തിലും പേരും പ്രശസ്തിയും ഉണ്ടാക്കാനും അനുയായികളെ കൂട്ടി തനിക്കു ചുറ്റും കോട്ട കെട്ടാനും പരിശ്രമിക്കുന്ന 'രാംപാൽ'മാർ നീണാൾ വാഴുന്ന ഇന്നത്തെ സമൂഹത്തിന് വെല്ലുവിളിയാണ് സ്നാപകൻ. വളച്ചുകെട്ടുകളില്ലാതെ, നഷ്ടപ്പെടുമെന്ന ചിന്തയില്ലാതെ തന്റെ ഉത്തരവാദിത്വം പൂർത്തീകരിക്കുന്നതിൽ ബദ്ധശ്രദ്ധനാവുകയാണദ്ദേഹം. ഈ ദനഹാക്കാലത്തിൽ അദ്ദേഹത്തിന്റെ ജീവിതം നമുക്ക് ധ്യാനവിഷയവും ജീവിതമാതൃകയും ആകട്ടെ.

**നിന്നെയും വിളിക്കുന്നു.....**

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ**

**ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., Kottayam - 686 018, Ph: 0481-2578192**




**സമർപ്പിതവർഷം**
**2014 നവംബർ 29–**
**2016 ഫെബ്രുവരി 2**




# ആനന്ദം: സമർപ്പിതജീവിതത്തിന്റെ പര്യായം

"**എ**ന്താണ് സമർപ്പിതജീവിതത്തിന്റെ സൗന്ദര്യം? അത് ആനന്ദമാണ്. ദൈവത്തിന്റെ കാരുണ്യവും സമാശ്വസിപ്പിക്കലും എല്ലാവരിലും എത്തിക്കുന്നതിന്റെ സന്തോഷം" (Rejoice 1). സമർപ്പിതവർഷത്തിനൊരുക്കമായി പരി. പിതാവ് ലോകത്തിനു നല്കിയ സന്തോഷത്തിന്റെ സന്ദേശമാണിത്. പ്രത്യാശയില്ലാത്ത മറ്റുള്ളവർ ചെയ്യുന്നതുപോലെ നിങ്ങൾ ദുഃഖിക്കരുത് (1 തെസ 4,13) എന്ന പൗലോസ്ശ്ലീഹായുടെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം വീണ്ടും പറയുന്നു: "ദുഃഖത്തിൽ വിശുദ്ധിയില്ല. ആനന്ദം എന്നത് ഒരനാവശ്യ ആഭരണമല്ല. മറിച്ച് മനുഷ്യജീവിതത്തിന്റെ അടിസ്ഥാനപരമായ ആവശ്യമാണ്".

പരി. പിതാവിന്റെ ഈ വാക്കുകളിലൂടെ ഇന്നത്തെ സമൂഹം സമർപ്പിതരിൽനിന്ന് എന്ത് പ്രതീക്ഷിക്കുന്നു എന്ന് വ്യക്തമാവുകയാണ്. യഥാർത്ഥത്തിൽ ഈ ലോകജീവിതത്തിൽ യഥാർത്ഥ ആനന്ദം അനുഭവിക്കുന്നവരും അത് പകർന്നുകൊടുക്കേണ്ടവരും സമർപ്പിതരാണെന്ന് അദ്ദേഹം വ്യക്തമാക്കുന്നു. കാരണം "തന്നെപ്രതി എല്ലാം ഉപേക്ഷിക്കുന്നവന് നൂറിരട്ടിയായി തിരികെ കിട്ടും" എന്നത് ഈശോയുടെ വാഗ്ദാനം തന്നെയാണ് (മർക്കോ 10, 30–31). യഥാർത്ഥ നിധി കണ്ടെത്തിയവന്റെ ആനന്ദമാണിത്. പരിശുദ്ധ പിതാവും ഇതിന് അടിവരയിടുന്നു. "സുരക്ഷിതത്വം മാറ്റിവയ്ക്കുകയും, സ്വജീവിതം മറ്റുള്ളവരുമായി പങ്കുവയ്ക്കുക എന്ന ദൗത്യത്തെക്കുറിച്ച് ആവേശം കൊള്ളുകയും ചെയ്യുന്നവരാണ് വാസ്തവത്തിൽ ജീവിതം നന്നായി ആസ്വദിക്കുന്നവർ" (സുവിശേഷത്തിന്റെ ആനന്ദം. 10).

"സന്തോഷമില്ലാത്ത സന്ന്യാസിക്ക് ആപേരിനർഹതയില്ല"എന്ന് പഴമൊഴി നമ്മെ ഓർമ്മിപ്പിക്കുന്നു. ആധുനിക ലോകം പ്രശ്നകലുഷിതവും കലഹത്തിന്റേതും വേദനയുടേതുമായ അവസരങ്ങളെ കൂടുതൽ സൃഷ്ടിക്കുകയും ചെയ്യുന്നതിനാൽ സന്തോഷം തേടി പോകാനുള്ള പ്രവണത മനുഷ്യരിലേറെയാണ്. ഇവരിലേക്ക് മിശിഹായുടെ സന്തോഷം എത്തിക്കാനുള്ള കടമയാണ് സമർപ്പിതരുടേത്. "എന്റെ സന്തോഷം നിങ്ങളിൽ കുടികൊള്ളാ

നും നിങ്ങളുടെ സന്തോഷം പൂർണ്ണമാകുവാനുമായി ഈ ലോകത്തിലേക്കു വന്ന അവനാണ് യഥാർത്ഥ സന്തോഷം. കർത്താവിന്റെ ദൂതന്റെ സന്ദേശം അപ്രകാരമായിരുന്നല്ലോ. "ഇതാ സകല ജനത്തിനുംവേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു" (ലൂക്കാ 2,10). അവിടുന്നുമായുള്ള ഹൃദയൈക്യത്തിൽ നിന്നുമേ യഥാർത്ഥ ആനന്ദം സ്വീകരിക്കാനാവൂ. കർത്താവിന്റെ മാത്രം സ്വന്തമായതിന്റെ വ്യക്തമായ പ്രതിഫലനമാണ് ഈ ആനന്ദം. "മിശിഹായെ അഭിമുഖീകരിക്കുന്ന എല്ലാവരുടെയും ഹൃദയങ്ങളിലും ജീവിതത്തിലും അവിടുത്തെ സുവിശേഷത്തിന്റെ ആനന്ദം കവിഞ്ഞൊഴുകുന്നു. അവിടുത്തെ രക്ഷയുടെ വാഗ്ദാനം സ്വീകരിക്കുന്ന എല്ലാവരും പാപത്തിൽനിന്നും ദുഃഖത്തിൽനിന്നും, ആന്തരികശൂന്യതയിൽനിന്നും ഏകാന്തതയിൽനിന്നും വിമോചിക്കപ്പെടുന്നു" (സുവിശേഷത്തിന്റെ ആനന്ദം 1). ക്രൂശിതനും ഉത്ഥിതനുമായ ഈശോയുടെ സ്നേഹം അവരെ നിരന്തരം നവീകരിക്കുകയും ഉർജ്ജ്വസ്വലരാക്കുകയും ചെയ്യുന്നു. "അവർ കഴുകൻമാരെപ്പോലെ ചിറകടിച്ചുയരും. അവർ ഓടിയാലും ക്ഷീണിക്കുകയില്ല, നടന്നാൽ തളരുകയില്ല" (ഏശ 40,31). "ഒരു സുവിശേഷവത്ക്കരണ പ്രവർത്തകൻ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു മടങ്ങുന്ന ഒരുവനെപ്പോലെ ഒരിക്കലും കാണപ്പെടരുത്" (സുവിശേഷത്തിന്റെ ആനന്ദം, 10) എന്ന് പരിശുദ്ധ പിതാവ് ഉദ്ബോധിപ്പിക്കുന്നു എങ്കിൽ, സമർപ്പിതരെ സംബന്ധിച്ചിടത്തോളം ഇത് എത്രമാത്രം പ്രസക്തമാണ് എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.



## മഴ

സ്വർഗ്ഗം തുറന്നീ മണ്ണിൽ പൊഴിക്കും
നറുതേൻ കണങ്ങളീ മഴ.
തംബുരു തന്നിൽ ഭാവഗായകൻ മീട്ടും
സപ്തസ്വരങ്ങളീ മഴ.
ഭാവസാന്ദ്രമാം കവിതൻ മനസ്സിലെ
കുളിർനാമ്പുകൾ ഈ മഴ.
മനസ്സിൻ ജാലകങ്ങളിലൂർന്നിറങ്ങും
കനവിൻ അമൃതം മഴ.
മുത്തുമണിപോൽ തിളങ്ങും
തങ്കത്തുള്ളികളീ മഴ.
ആയിരം ഭാവങ്ങൾ ഉള്ളിൽ ഒതുക്കിയ
സ്നേഹത്തലോടലീ മഴ.
ആയിരം മനസ്സുകൾക്കാശ്വാസമേകുന്ന
പനിനീർക്കണങ്ങളെൻ മഴ.
ഉണ്ണിമിശിഹാതൻ സ്നേഹമീ മഴ
ദൈവികസാന്നിധ്യസാന്ത്വനമീമഴ

**അന്ന മേരി ജോർജ്ജ്**
ചെക്കോന്തയിൽ, പുമ്മറ്റം







# ദൈവത്തിന്റെ വഴികളിലൂടെ നീങ്ങാം

**വത്സമ്മ മുളവന**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

ഒരു ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം അവന്റെ ഈ ലോകജീവിതം ദൈവത്തെ ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു തീർത്ഥയാത്രയാണ്. ദൈവത്തെ അറിഞ്ഞ് സ്നേഹിച്ച് ദൈവഹിതമനുസരിച്ചു ജീവിച്ച് അവസാനം ദൈവത്തിൽ എത്തിച്ചേരുക എന്നതാണല്ലോ നമ്മുടെ ജീവിതലക്ഷ്യം. ദൈവം തന്റെ പദ്ധതിയിലൂടെ ഓരോരുത്തർക്കും അവരുടെ ജീവിതത്തിന് ഒരു വഴി നിശ്ചയിച്ചുതരുന്നുണ്ട്. ആ വഴിയിലൂടെ വേണം നാം നടന്നുനീങ്ങുവാൻ. പക്ഷേ ഈ കാലഘട്ടത്തിലെ മനുഷ്യൻ അവന്റെ ഇഷ്ടത്തിനൊത്ത് ഒരു വഴിയുണ്ടാക്കി അതിലൂടെ യാത്ര ചെയ്യുന്നു. അവന്റെ ഇഷ്ടങ്ങൾക്കു തടസ്സമാകുന്ന ദൈവത്തെയും ദൈവിക കാര്യങ്ങളെയും മാറ്റിനിർത്തിക്കൊണ്ടുള്ള യാത്ര. സനാതനമൂല്യങ്ങൾക്കും ധാർമ്മിക മൂല്യങ്ങൾക്കും സഭാജീവിതത്തിനും ഒന്നും യാതൊരു വിലയും കല്പിക്കാത്ത ഒരു തോന്ന്യാസയാത്ര.

ബന്ധങ്ങളുടെ ദൃഢതയും പരിശുദ്ധിയും നഷ്ടപ്പെട്ട ഒരു കാലഘട്ടം. ഭാര്യഭർതൃബന്ധം, സഹോദരബന്ധം, സുഹൃത്ത്ബന്ധം, മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധം ഒന്നിനും ഇന്നു യാതൊരു വിലയുമില്ല. മനുഷ്യന്റെ സ്വാർത്ഥമോഹങ്ങൾക്ക് ഒരു നിയന്ത്രണവുമില്ലാതെയായിരിക്കുന്നു. എത്രയെത്ര ശോചനീയമായ സംഭവങ്ങളാണ് ഇന്ന് കുടുംബങ്ങളിലും സമൂഹങ്ങളിലും അരങ്ങേറുന്നത്. ആർത്തിയാണ് മനുഷ്യന്. എത്ര കിട്ടിയാലും സുഖിച്ചാലും പോരാ, പോരാ. പണസമ്പാദനത്തിനും സുഖത്തിനും സ്ഥാനമാനങ്ങൾക്കും വേണ്ടി മനുഷ്യത്വരഹിതവും നീചവും പൈശാചികവുമായ പ്രവർത്തനങ്ങൾ ചെയ്യാനും മനുഷ്യനിന്നു കൂസലില്ലാതെ ആയിരിക്കുന്നു. മനുഷ്യനിലെ സ്നേഹം മരിച്ചുകഴിഞ്ഞിരിക്കുന്നു. മൃഗത്തെ കൊല്ലുന്ന ലാഘവത്തോടെ, രക്തബന്ധങ്ങൾക്കുപോലും വില കല്പിക്കാതെ, മനുഷ്യൻ തന്റെ സ്വന്തമായവരെപ്പോലും കൊല്ലുകയും കുഴിച്ചുമൂടുകയും ചെയ്യുന്നു. എല്ലാ രംഗത്തും അനീതിയുടെ, അക്രമത്തിന്റെ, അഴിമതിയുടെ, വഞ്ചനയുടെ വിളയാട്ടമാണ്. എത്രമാത്രം സമ്പത്തും സുഖസൗകര്യങ്ങളും കിട്ടിയാലും മനുഷ്യനു മതിവരുന്നില്ല.

മാമോദീസാ സ്വീകരിച്ചതിലൂടെ മിശിഹായെ അനുകരിക്കാനും അനുഗമിക്കാനും വിളിക്കപ്പെട്ടിരിക്കുന്ന നമുക്ക് സ്വജീവിതത്തിലേക്ക് ഒന്നു തിരിഞ്ഞുനോക്കുവാൻ ഈ ദനഹാക്കാലം പ്രയോജനപ്പെടുത്താം. ദൈവത്തിന്റെ വഴികളിൽനിന്നും സഭാജീവിതത്തിലും കൂദാശാജീവിതത്തിലും പ്രാർത്ഥനാജീവിതത്തിലും നിന്നും ധാർമ്മികമൂല്യങ്ങളിൽനിന്നും വ്യതിചലിച്ച് തന്നിഷ്ടത്തിന്റെ വഴികളിലൂടെ ജീവിച്ചെങ്കിൽ പശ്ചാത്തപിച്ച് കുമ്പസാരമെന്ന കൂദാശയിലൂടെ പാപമോചിതരായി അന്ധകാരത്തിൽനിന്നും പ്രകാശത്തിലേക്കു കടന്നുവരാം. ഒരു പുതിയ ജീവിതം ആരംഭിക്കാം.

# സെനക്കിൾ തരംഗം

## സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

സഭയുടെ ആരാധനക്രമവത്സരത്തിലെ ദനഹാക്കാലത്തേക്ക് നാം പ്രവേശിക്കുകയാണല്ലോ. മിശിഹായുടെ മാമ്മോദീസായും പരസ്യജീവിതവും അനുസ്മരിക്കുന്ന ഈ സന്ദർഭത്തിൽ മിശിഹായിലൂടെയുള്ള ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലിന്റെ പ്രത്യേകതയെ അനുസ്മരിക്കുന്നത് നല്ലതാണ്. വി. യോഹന്നാന്റെ സുവിശേഷം 1,18 ൽ ഇങ്ങനെ പറയുന്നു: "ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവിന്റെ മടിയിലിരിക്കുന്ന ദൈവംതന്നെയായ ഏകജാതനാണ് അവിടുത്തെ വെളിപ്പെടുത്തിയത്". ആരും ഒരിക്കലും കണ്ടിട്ടില്ലാത്ത ദൈവത്തെ ലോകം ദർശിച്ചത് പിതൃപുത്രബന്ധം ജീവിച്ച ഈശോമിശിഹായിലൂടെയാണ്. ഈശോയുടെ മാമ്മോദീസാവേളയിൽ സ്വർഗത്തിൽനിന്നുണ്ടായ സ്വരം അപ്രകാരമായിരുന്നല്ലോ: "ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" (മത്താ 3,17). ഈശോ തന്റെ പരസ്യജീവിതത്തിലുടനീളം തന്റെ പിതാവിന്റെ മടിയിലിരിക്കുന്ന ഒരു ജീവിതമാണ് നയിച്ചത്. ദൈവത്തോടുള്ള പിതൃപുത്രബന്ധവും അതിൽനിന്നുരുത്തിരിയുന്ന മനുഷ്യസാഹോദര്യബന്ധവുമാണ് ഈശോയുടെ വാക്കുകളിലും പ്രവൃത്തികളിലും അത്ഭുതങ്ങളിലും പ്രകടമായത്. പാപത്തിന്റെ ഫലമായി ചിന്നിച്ചിതറിയ ദൈവമക്കളെ ഒരുമിപ്പിച്ച് ദൈവമക്കളുടെ ഒരു കുടുംബമായി മനുഷ്യകുലത്തെ മാറ്റുക എന്നതായിരുന്നു ഈശോയിലൂടെയുള്ള ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലിന്റെ ലക്ഷ്യം. വചനശുശ്രൂഷയിലൂടെയും കൂദാശാശുശ്രൂഷയിലൂടെയും അജപാലനശുശ്രൂഷയിലൂടെയും സഭയെ ദൈവമക്കളുടെ ഒരു കുടുംബമായി കെട്ടിപ്പടുക്കുവാൻ ഈ ദനഹാക്കാലത്ത് നമുക്കു പരിശ്രമിക്കാം.

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

## വാർത്തകൾ

അപ്പസ്തോലിക് സൊദാലെസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ മേജർ ഫാദർ ബഹു. മാത്യു വെള്ളാനിക്കലച്ചൻ 2014 നവംബർ 14 മുതൽ 21 വരെ തീയതികളിൽ അമേരിക്കയിൽ അജപാലനസന്ദർശനം നടത്തി. ന്യൂയോർക്ക്, ഒമഹാ, സാൻഡിയേഗോ എന്നീ സ്ഥലങ്ങളിലുള്ള അപ്പസ്തോലിക് സൊദാലെസ് വൈദികരെ സന്ദർശിച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചൈതന്യത്തിൽ ജീവിക്കുവാനും അജപാലനശുശ്രൂഷ നിർവഹിക്കുവാനും ഉതകുന്ന നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നല്കി. ഒമഹായിലെ സൊദാലെസ് വൈദികരുടെ വാർഷികസമ്മേളനത്തിൽ സംബന്ധിച്ച് സ്ഥാപകപിതാവിന്റെ 'നാളെയുടെ വൈദികർ' എന്ന ഗ്രന്ഥത്തെ അടിസ്ഥാനമാക്കി മൂന്നു പ്രബന്ധങ്ങൾ അവതരിപ്പിച്ചു. അമേരിക്കയിൽനിന്നും റോമിലെത്തി 23-ാം തീയതി നടന്ന വി. ചാവറയച്ചന്റെയും വി. എവുപ്രാസ്യാമ്മയുടെയും വിശുദ്ധപദപ്രഖ്യാപനച്ചടങ്ങിൽ പങ്കെടുത്തു. നവംബർ 25-26 തീയതികളിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ കൗൺസിൽ മീറ്റിംഗിലും 27-ാം തീയതി മൂന്ന് ഇൻസ്റ്റിറ്റ്യൂട്ടുകളുടെയും ജനറൽ ഡിറക്ഷനായി പ്രവർത്തിക്കുന്ന ഫെഡറേഷൻ മീറ്റിംഗിലും സംബന്ധിച്ചു. നവംബർ 29-ാം തീയതി റോമിലെ അപ്പസ്തോലിക് ഒബ്ലേറ്റ്സിന് സമർപ്പണവർഷാചരണത്തിനൊരുക്കമായ ധ്യാനം നടത്തി. ഡിസംബർ 1-ാം തീയതി അദ്ദേഹം ഇന്ത്യയിൽ തിരിച്ചെത്തി.

സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ള വൈദികർ, സെനക്കിൾ തരംഗം, *സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി. ഒ., കോട്ടയം 686018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.





നിങ്ങളുടെ ദൈവശാസ്ത്രപരവും ബൈബിൾപരവുമായ സംശയങ്ങൾക്ക് പ്രശസ്ത ദൈവശാസ്ത്രജ്ഞനും ബൈബിൾ പണ്ഡിതനുമായ ബഹു. മല്പാൻ മാത്യു വെള്ളാനിക്കൽ അച്ചൻ ഉത്തരം നല്കുന്നു.
*ചോദ്യങ്ങൾ അയക്കേണ്ട വിലാസം:* **എഡിറ്റർ, പ്രതീക്ഷയുടെ പൂമൊട്ടുകൾ, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018**

# രോഗം പാപത്തിന്റെ ഫലമോ?

*വി. യോഹന്നാന്റെ സുവിശേഷത്തിൽ തളർവാതരോഗിയെ സുഖപ്പെടുത്തിയശേഷം "ഇതാ നീ സൗഖ്യം പ്രാപിച്ചിരിക്കുന്നു; കൂടുതൽ മോശമായത് എന്തെങ്കിലും സംഭവിക്കാതിരിക്കാൻ ഇനിമേൽ പാപം ചെയ്യരുത്" (5,14) എന്നു പറയുന്നു. പാപമാണ് രോഗത്തിനു കാരണം എന്നാണോ ഈശോ ഇവിടെ ഉദ്ദേശിക്കുന്നത്?* **(അനു ജേക്കബ്, ആനവിലാസം)**

ഇനിയും പാപം ചെയ്താൽ കൂടുതൽ മാരകമായ രോഗാവസ്ഥയിലേക്ക് സുഖം പ്രാപിച്ച തളർവാതരോഗി എത്തിച്ചേരും എന്നതാണ് ഈശോയുടെ ഈ വാക്കുകൾ സൂചിപ്പിക്കുന്നതെന്ന് തോന്നാം. പാപത്തിന്റെ ശിക്ഷയായി രോഗത്തെ കാണുന്ന യഹൂദർ ഇതിനെ അക്ഷരാർത്ഥത്തിലാണ് മനസ്സിലാക്കുക. യഹൂദരുടെ ചിന്താഗതി അനുസരിച്ച് തളർവാതരോഗം പാപത്തിന്റെ പ്രതീകമാണ്. അങ്ങനെയെങ്കിൽ അതിൽനിന്നുള്ള മോചനം പാപത്തിൽനിന്നുള്ള മോചനമാണ്. പാപമോചനം വഴി രോഗസൗഖ്യം നല്കാൻ ദൈവത്തിനു മാത്രമേ സാധിക്കൂ എന്നും യഹൂദർക്കറിയാമായിരുന്നു. ഇതെല്ലാം മനസ്സിലാക്കിയാണ് ഈശോ ഈ വാക്യം ഉപയോഗിച്ചത്. എന്നാൽ യഹൂദന്മാരുടെ വികലമായ വിശ്വാസത്തെ അംഗീകരിക്കുകയല്ല, മറിച്ച് അത്തരം വിശ്വാസത്തെ മറികടക്കുകയാണ് ഈശോ ഇവിടെ ചെയ്യുന്നത്. ജന്മനാ അന്ധനായ ഒരുവനെ ചൂണ്ടി, 'ഇവൻ അന്ധനായി ജനിച്ചത് ആരുടെ പാപം നിമിത്തമാണ്, ഇവന്റെയോ ഇവന്റെ മാതാപിതാക്കളുടെയോ' എന്നു ചോദിച്ച ശിഷ്യന്മാർക്ക് കൊടുത്ത മറുപടി ഇതാണ്: "ഇവന്റെയോ ഇവന്റെ മാതാപിതാക്കന്മാരുടെയോ പാപം നിമിത്തമല്ല; പ്രത്യുത, ദൈവത്തിന്റെ പ്രവൃത്തികൾ ഇവനിൽ പ്രകടമാകേണ്ടതിനാണ്" (യോഹ 9,2-3). ഇതിൽനിന്നും ഈശോ യഹൂദന്മാരുടെ ഇത്തരം വിശ്വാസത്തെ അംഗീകരിക്കുന്നില്ലെന്നു മാത്രമല്ല, രോഗകാരണത്തെ വ്യക്തമാക്കുകയും ചെയ്യുകയാണ്.

'കൂടുതൽ മോശമായത്' എന്ന ഈശോയുടെ വാക്കുകൾ എന്താണ് അർത്ഥമാക്കുന്നത് എന്നാണ് ഇവിടെ നാം വിശകലനം ചെയ്യേണ്ടത്. പാപം ചെയ്യുക എന്നത് ശാരീരികമായ രോഗത്തെക്കാൾ മോശമാണ്. ആത്മാവിനെ, നിത്യജീവനെ ബാധിക്കുന്ന രോഗമാണ് പാപം. രോഗം ഭൗമികജീവനെ ബാധിക്കുമ്പോൾ പാപമാകട്ടെ നിത്യജീവനെ ബാധിക്കുന്നു. നിത്യജീവനെ നശിപ്പിക്കുന്ന രോഗമാകുന്ന പാപത്തിൽനിന്നും മനുഷ്യനെ രക്ഷിക്കുവാൻ, സൗഖ്യം നല്കുവാൻ വന്നവനാണ് മിശിഹാ എന്നത് സൂചിപ്പിക്കുന്നതിനുള്ള അടയാളമാണ് ഈ അത്ഭുതം എന്നു വ്യക്തമാക്കാനാണ് രോഗശാന്തി പാപവുമായിട്ടു ബന്ധിപ്പിക്കുന്നത്.

വി. യോഹന്നാന്റെ സുവിശേഷമനുസരിച്ച്, ശാരീരികസൗഖ്യം ആത്മീയസൗഖ്യത്തെ സൂചിപ്പിക്കുന്നു. പാപം മരണമാണ്; ജീവൻ രക്ഷയാണ്. ആത്മാവിനെ ഹനിക്കുന്ന രോഗമാണ് പാപം. പാപം ചെയ്താൽ നിത്യജീവൻ നഷ്ടമാകും. അതിനാൽ ഇനിമേലൊരു പാപവും ചെയ്യരുത് എന്നാണ് ഈശോ അയാളോടാവശ്യപ്പെട്ടത്.



# അമ്മയോടൊപ്പം അനുഗ്രഹവഴിയേ

**ജെയ്നമ്മ ചെമ്പനാനിക്കൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**1-ാം ദൈവരഹസ്യം: ആശ്രയത്തിന്റെ അമ്മ വരാനിരിക്കുന്ന ലോകത്തിലെ നമ്മുടെ തീർച്ചയാണെന്നത് നമുക്കു ധ്യാനിക്കാം**

അമ്മേ മാതാവേ, നീ എന്നെ നോക്കി പുഞ്ചിരിക്കുമ്പോൾ ഞാൻ രൂപാന്തരപ്പെടുകയും നിന്റെ പ്രകാശം എന്നിൽ പതിയുകയും ചെയ്യുന്നതുവഴി ഞാൻ ഒരു നവലോകത്തിന്റെ സൃഷ്ടിയായിത്തീരുവാൻ നിന്റെ തിരുക്കുമാരനോട് അപേക്ഷിക്കണമേ. 1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.

**2-ാം ദൈവരഹസ്യം: 'ഇതാ ഞാൻ' എന്നു പറഞ്ഞ ആശ്രയത്തിന്റെ അമ്മയെ നമുക്കു ധ്യാനിക്കാം**

അമ്മേ മാതാവേ, നിന്നെപ്പോലെ വേദനയുടെയും കുരിശിന്റെയും മുമ്പിൽ 'ഇതാ ഞാൻ' എന്ന് ആവർത്തിച്ച് ഏറ്റുപറയുവാനും നിന്റെ ഇഷ്ടം നിറവേറട്ടെ എന്നു മന്ത്രിക്കുവാനും ഞങ്ങൾക്കുവേണ്ടി നിന്റെ തിരുക്കുമാരനോട് അപേക്ഷിക്കണമേ. 1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.

**3-ാം ദൈവരഹസ്യം: സ്നേഹ-സേവനത്തെ വാരിപ്പുണർന്ന ആശ്രയത്തിന്റെ അമ്മയെ നമുക്കു ധ്യാനിക്കാം**

അമ്മേ മാതാവേ, ഞങ്ങൾക്ക് നിന്റെ കണ്ണുകളും സ്നേഹിക്കുവാനുള്ള നിന്റെ ഹൃദയവും സഹോദരങ്ങൾക്കുവേണ്ടി പ്രവർത്തിക്കുവാനുള്ള നല്ല മനസ്സും തരുന്നതിനായി നിന്റെ തിരുക്കുമാരനോട് അപേക്ഷിക്കണമേ. 1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.

**4-ാം ദൈവരഹസ്യം: ഉത്ഭവത്തിന്റെ കറയില്ലാത്തവളും പരിശുദ്ധയുമായ ആശ്രയത്തിന്റെ അമ്മയെ നമുക്കു ധ്യാനിക്കാം**

അമ്മേ മാതാവേ, നിന്നെപ്പോലെ ഞങ്ങളും ഈലോകത്തിന്റെ മധ്യേ വിദ്വേഷവും വ്യക്തിതാല്പര്യവുമില്ലാതെ, സ്വാർത്ഥതയും അത്യാഗ്രഹവുമില്ലാതെ, ഏകാന്തതയിൽ രോഗികളാകാതെ വിശുദ്ധിയുടെ മാതൃകകളായി വർത്തിക്കുവാൻ നിന്റെ തിരുക്കുമാരനോട് അപേക്ഷിക്കണമേ.
1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.

**5-ാം ദൈവരഹസ്യം: വിശുദ്ധിയിലേക്കുള്ള വിളിയിൽ മാതൃകയായിത്തീർന്ന ആശ്രയത്തിന്റെ അമ്മയെ നമുക്കു ധ്യാനിക്കാം**

അമ്മേ മാതാവേ, ഞങ്ങളുടെ യാത്രയിൽ അനുഭവിക്കേണ്ടി വരുന്ന സഹനങ്ങളിലും പ്രലോഭനങ്ങളിലും അടിപതറാതെ, മന്ദോഷ്ണതയിൽ മയങ്ങിക്കിടക്കാതെ പരിപൂർണതയിലേക്ക് നടന്നടുക്കുവാൻ തക്കവിധം അരികിൽവന്ന് ഞങ്ങളെ തൊട്ടുണർത്തുവാൻ നിന്റെ തിരുക്കുമാരനോട് അപേക്ഷിക്കണമേ.
1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.





വിചാരണ

# ശിക്ഷണവും ശിക്ഷയും പിന്നെ പീഡനവും

**ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**

സ്കൂളിൽ കുസൃതി കാട്ടിയാൽ അദ്ധ്യാപകൻ കയ്യോടെ പിടിക്കും, ചൂരൽകഷായം കൈവെള്ളയിലോ തുടയിലോ രണ്ടൗൺസ് കിട്ടുകയും ചെയ്യും. സ്വാഭാവികമായും മുതിർന്ന ക്ലാസിലോ താഴ്ന്ന ക്ലാസിലോ പഠിക്കുന്ന സഹോദരനോ സഹോദരിയോ വിവരം അറിയുകയും അത് എത്രയും പെട്ടെന്ന് വീട്ടിലറിയിക്കുകയും ചെയ്യും. വീട്ടിലറിഞ്ഞാൽപിന്നെ സ്കൂളിൽനിന്നു കിട്ടിയ കഷായത്തിനു മറുമരുന്നായി അപ്പന്റെയോ അമ്മയുടെയോ വീതം ഒരു നാലൗൺസ് വേറെ. വീട്ടിൽ തന്നെ ഒറ്റിക്കൊടുത്ത കൂടപ്പിറപ്പിനെ ചില ഇഷ്ടപ്പെട്ട മൃഗങ്ങളുടെ പേരുവിളിച്ച് പ്രതിഷേധവും പിണക്കവും പ്രകടിപ്പിക്കും. പക്ഷേ ഏതാനും നിമിഷങ്ങൾ കഴിഞ്ഞ് മുറ്റത്തരികിലെ ചാമ്പച്ചുവട്ടിലോ പേരച്ചുവട്ടിലോ എത്തിക്കഴിയുമ്പോൾ പിണക്കമൊക്കെ പമ്പ കടന്നിരിക്കും.....

ഒരു ചെറുകഥയുടെ ആരംഭമൊന്നുമല്ല, ഇപ്പോഴത്തെ ഭൂരിപക്ഷം ചെറുപ്പക്കാരായ മാതാപിതാക്കളും അവരുടെ കുട്ടിക്കാലത്ത് നിത്യവും അഭിമുഖീകരിച്ചിരുന്ന അനുഭവമാണിത്. ഒരുപക്ഷേ ഇന്ന് സന്തോഷത്തോടും സ്നേഹത്തോടുംകൂടി ഓർമ്മിക്കുന്ന അനുഭവങ്ങൾ. ഇതിവിടെ കുറിച്ചത് ചില നൊസ്റ്റാൾജിക് വികാരങ്ങൾ അവരിൽ ഉണർത്താനല്ല. മറിച്ച് വളരെ ഗൗരവമായ ഒരു വിഷയത്തിലേക്ക് നമ്മുടെ ചിന്തയെ ഒന്നു വഴിതിരിച്ചുവിടാനാണ്.

വീട്ടിലും വിദ്യാലയത്തിലും വേണ്ട സമയത്തുകിട്ടുന്ന ശിക്ഷണമാണ് മനുഷ്യന്റെ സ്വഭാവത്തിലെ പരുക്കൻ ഭാവങ്ങളെ ഇല്ലാതാക്കി അവനെ സംസ്കാരസമ്പന്നനാക്കുന്നത്. എന്നാൽ ഇന്ന് ശിക്ഷണത്തെ ശിക്ഷയായും, ഒരു പടികൂടി കടന്ന് പീഡനമായും വ്യാഖ്യാനിക്കുമ്പോൾ കുഞ്ഞുങ്ങളുടെ സ്വഭാവരൂപീകരണത്തിൽ അതു വലിയ പ്രതിസന്ധികൾ തീർക്കുകയാണ്.

കുട്ടികളെ ശിക്ഷിക്കുന്നതു നിയമംമൂലം നിരോധിച്ചിരിക്കുകയാണ് നമ്മുടെ നാട്ടിൽ. വിദേശനാടുകളിലേതുപോലെ കുട്ടികൾ പരാതിപ്പെട്ടാൽ മാതാപിതാക്കൾ ഉൾപ്പെടെയുള്ളവർ അഴിയെണ്ണുന്ന അവസ്ഥയാണിന്നുള്ളത്. കുട്ടികളുടെ മനഃശാസ്ത്രമനുസരിച്ച് അവരുടെ മനസിനെ ഒരുതരത്തിലും വേദനിപ്പിക്കാൻ പാടില്ലത്രേ. ഈ പുതിയ മനഃശാസ്ത്രം ഉണ്ടാക്കിയവർ ചെറുപ്പത്തിൽ മാതാപിതാക്കളിൽനിന്നോ അദ്ധ്യാപകരിൽനിന്നോ ഒരു ശിക്ഷണവും ലഭിക്കാത്തവരാണെന്ന് വിശ്വസിക്കാൻ പ്രയാസമാണ്. ശിക്ഷണങ്ങൾ നല്കുന്ന ചെറിയ വേദനകൾ സ്നേഹത്തിൽ ചാലിച്ച് കൊടുക്കുമ്പോഴാണ് തിരുത്തലുകൾ തിരിച്ചറിവുകളായി കുട്ടികളുടെ ഉള്ളിൽ ഉറയ്ക്കുന്നത്. കുഞ്ഞുങ്ങളുടെ കുസൃതിത്തരങ്ങൾ തിരുത്തുവാൻ ഒരു കുഞ്ഞുവടി സൂക്ഷിക്കാത്ത വീടും വിദ്യാലയവും വളർത്തിവിടുന്നത് എപ്പോഴും പക്വതയുള്ള വ്യക്തിത്വങ്ങളെയാണോയെന്ന്

ചിന്തിക്കേണ്ടിയിരിക്കുന്നു. അതേസമയം എന്തിനും ഏതിനും എപ്പോഴും ശിക്ഷിച്ച് ആടുതോമാമാരെ സൃഷ്ടിക്കണമെന്ന് ഈ പറഞ്ഞതിന് അർത്ഥമില്ല. ശിക്ഷകൾ കുഞ്ഞുങ്ങളുടെ എല്ലാ സർഗാത്മകതയും തല്ലിക്കെടുത്തുന്ന ഭീകരമായ പീഡനങ്ങളാകുമ്പോൾ ഹിറ്റ്ലറെപ്പോലുള്ള ക്രൂരജന്മങ്ങൾ ഉണ്ടാകുമെന്നും നാം തിരിച്ചറിയാതെ പോകരുത്. തല്ലും തലോടലും ഒരുപോലെ കൊടുക്കാൻ മാതാപിതാക്കളും അദ്ധ്യാപകരും അറിഞ്ഞിരിക്കണം.

ശിക്ഷണം എന്നത് അനുസരണക്കേടു കാണിക്കുമ്പോൾ നല്കുന്ന ശിക്ഷമാത്രമാണെന്നു നാം ധരിക്കരുത്. കുഞ്ഞുങ്ങളിലെ നന്മകൾ കണ്ട് അവരെ പ്രോത്സാഹിപ്പിക്കുന്നതും അവരുടെ പ്രായത്തിനൊത്തവിധം ചെറിയ ജോലികൾ നല്കി അദ്ധ്വാനശീലത്തിന്റെ നല്ല പാഠങ്ങൾ പകർന്നുകൊടുക്കുന്നതും കൊച്ചുമനസിലെ പക്വതയില്ലാത്ത ചില ആഗ്രഹങ്ങൾ സ്നേഹപൂർവം നിഷേധിക്കുന്നതുമൊക്കെ ശിക്ഷണത്തിന്റെ ഭാഗംതന്നെ. എന്നാൽ ഇതുപോലെയുള്ള ശിക്ഷണത്തിന്റെ കയ്പ് അനുഭവിക്കാതെ വളരുന്ന തലമുറ ജീവിതത്തിലെ കയ്പേറിയ അനുഭവങ്ങളിലൂടെ കടന്നുപോകേണ്ടിവരുമ്പോൾ പലപ്പോഴും അടിപതറുന്നതിന്റെ ദുരന്തകഥകൾ ഇടയ്ക്കിടയ്ക്ക് മാധ്യമങ്ങളിൽ വന്നുകൊണ്ടിരിക്കുന്നു. ചെറിയ തിക്താനുഭവങ്ങളെപ്പോലും പക്വതയോടെ സമീപിക്കാനുള്ള മനക്കരുത്ത് പലപ്പോഴും അവർക്കുണ്ടാകില്ല. കൂട്ടുകാരുടെ പരിഹാസങ്ങളോ അധികാരികളുടെ ശാസനകളോ ജോലിയുടെ സമ്മർദങ്ങളോ താങ്ങാൻ കഴിവില്ലാതെ ജീവിതത്തിനു സുല്ലിടുന്ന ദാരുണ സംഭവങ്ങൾ നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്.

കുഞ്ഞുങ്ങളെ വിദ്യാലയങ്ങളിലയയ്ക്കുന്നത് അറിവുനേടുന്നതിനുവേണ്ടി മാത്രമല്ലല്ലോ. അറിവുനേടിയതുകൊണ്ടുമാത്രം ആരും ഉത്തമവ്യക്തികളായി മാറില്ലെന്ന് സമീപകാലത്ത് പിടിയിലായ ചില ഉന്നതബിരുദധാരികളായ കുറ്റവാളികൾ നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. അക്ഷരങ്ങളോടൊപ്പം സ്വഭാവരൂപീകരണത്തിന്റെ നല്ല പാഠങ്ങളും കുഞ്ഞുങ്ങൾക്കു ലഭിക്കേണ്ടതായിട്ടുണ്ട്. എന്നാൽ വിദ്യാലയത്തിൽ ഏതെങ്കിലും കാരണത്തിന് അദ്ധ്യാപകർ മക്കളെ ശാസിച്ചെന്നോ ശിക്ഷിച്ചെന്നോ കേട്ടാൽ കാരണമന്വേഷിക്കാനുള്ള ക്ഷമപോലുമില്ലാതെ പീഡനത്തിനു കേസുംകൊടുത്ത് സ്കൂളും തല്ലിപ്പൊളിച്ച് , കഴിയുമെങ്കിൽ അദ്ധ്യാപകനിട്ടും രണ്ടുകൊടുത്ത് മക്കളോടുള്ള സ്നേഹം പ്രകടിപ്പിക്കുന്ന മാതാപിതാക്കൾ അവരുടെ ആ പ്രതികരണങ്ങളിലൂടെ കുഞ്ഞുങ്ങളിലേക്കു പകരുന്ന ബോദ്ധ്യങ്ങളാണ് നാടിനും വീടിനും പേടിസ്വപ്നമായി മക്കളെ രൂപപ്പെടുത്തുന്നത്. ഇങ്ങനെ ഉറുമ്പരിക്കാതെയും പേനരിക്കാതെയും വളർത്തിയ മക്കൾ അവരുടെ കൈയിലിരുപ്പുകൊണ്ട് നാട്ടുകാരുടെ കൈക്കരുത്ത് അറിയുമ്പോഴെങ്കിലും നാം ചിന്തിക്കുക, വേണ്ട സമയത്ത് ഒരു ഈർക്കിൽകൊണ്ട് അവനെ തിരുത്തിയിരുന്നെങ്കിൽ ഇന്ന് നാട്ടുകാരുടെ പത്തൽ അവന്റെ പുറത്തു വീഴില്ലായിരുന്നെന്ന്.

നിയമങ്ങളെ വളച്ചൊടിച്ച് ശിക്ഷണങ്ങളെ പീഡനത്തിന്റെ നിർവചനത്തിലൊതുക്കി കുഞ്ഞുങ്ങൾക്കതു നിഷേധിച്ച് അവരെ പക്വതയും പാകതയുമില്ലാത്തവരായി വളർത്തിക്കൊണ്ടുവരാതെ, ഉത്തമവ്യക്തിത്വങ്ങളായി അവർ രൂപാന്തരപ്പെടാൻ നല്ല മാതൃകയും തിരുത്തലുകൾ നല്കുന്ന സ്നേഹവും ചെറിയ അദ്ധ്വാനങ്ങളിൽ പങ്കുചേർക്കാനുള്ള മനസും പിന്നെ ഒരു കൊച്ചുവടിയും വീട്ടിലും വിദ്യാലയത്തിലും നമുക്കു സൂക്ഷിക്കാം.

**"ഈശോ പ്രായത്തിലും ജ്ഞാനത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2,52).**





# Spirituality Centre Programme

വിശുദ്ധിയുടെ മാതൃകയായ
മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധരാകാമെന്ന പ്രത്യാശ
ഞങ്ങൾക്ക് നല്കണമേ

## January- 2015

| | |
|---|---|
| 5-6 | Camp: Saingits |
| 9-11 | Cool of Time |
| 10 | Social Animators |
| 12 | Bible Study Forum |
| 12-13 | Cenacle Gathering (Sodales+Aspirants) |
| 13-20 | Visit of Tribunal for Canonization |
| 17 | Recollection for Oblates |
| 17-18 | School of Bible |

ആഗോളസഭാതലത്തിൽത്തന്നെ കുടുംബം ചർച്ചാവിഷയമായിരിക്കുന്ന ഈ കാലഘട്ടത്തിൽ, കുടുംബജീവിതത്തിലേക്ക് ദൈവികവെളിച്ചം കടന്നുവരാൻ സഹായകമാകത്തക്കരീതിയിൽ, കുടുംബത്തെക്കുറിച്ചുള്ള ദൈവഹിതം ബൈബിളിനെ ആധാരമാക്കി, ആധുനിക സീറോ മലബാർസഭയുടെ പ്രഥമ മല്പാനായ ബഹു. മാത്യു വെള്ളാനിക്കലച്ചൻ രചിച്ച ഗ്രന്ഥമാണ് **"കുടുംബം ബൈബിളിൽ"**.




ബൈബിളിലെ കുടുംബങ്ങളും കുടുംബജീവിതത്തോടുബന്ധപ്പെട്ട പ്രബോധനങ്ങളുമാണ് ഈ പുസ്തകത്തിന്റെ പ്രതിപാദനവിഷയം. 5 ഭാഗങ്ങളും 30 അദ്ധ്യായങ്ങളുമായി ക്രമീകരിച്ചിരിക്കുന്ന പ്രസ്തുതഗ്രന്ഥത്തിൽ ഉല്പത്തിപ്പുസ്തകം മുതൽ പുതിയനിയമലേഖനങ്ങൾ വരെയുള്ള വിശുദ്ധഗ്രന്ഥഭാഗങ്ങളിലെ കുടുംബജീവിതദർശനം ഉൾക്കൊള്ളിച്ചിട്ടുണ്ട്. കുടുംബങ്ങളെയും കുടുംബജീവിതത്തെയും സംബന്ധിച്ച് ദൈവവചനാധിഷ്ഠിതമായ കാഴ്ചപ്പാടുകൾ ഉൾക്കൊള്ളുവാനും നിലപാടുകൾ സ്വീകരിക്കുവാനും ഈ പുസ്തകത്തിലെ വിശകലനങ്ങളും വിചിന്തനങ്ങളും സഹായകരമാകും. ദൈവഹിതമനുസരിച്ച് കുടുംബജീവിതം ക്രമപ്പെടുത്തി സന്തോഷവും സമാധാനവും അനുഭവിച്ച്, വിശുദ്ധമായ ജീവിതം നയിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഒരു ഉത്തമ വഴികാട്ടിയാണ് "കുടുംബം ബൈബിളിൽ" എന്ന ഈ ഗ്രന്ഥം.

RNI: KERMAL 15541/11/1/2014-TC

Pratheeshayude Poomottukal
(Malayalam Monthly)

# പ്രതീക്ഷയുടെ
# പൂമൊട്ടുകൾ

"നിത്യപിതാവിൻ നികടം വി-
ട്ടെത്തിയ ദീപാങ്കുരമേ, നീ
അവനിയെ നിന്റെ വെളിച്ചത്താൽ
ഇരുളിൽനിന്നു വിമോചിച്ചു
പകലിൻ ദീപ്തി പരന്നപ്പോൾ
ഇരുളലപോയി മറഞ്ഞല്ലോ
കർത്താവിൻ നൽപ്രഭ വന്നീ
ധരയിൽ മർത്ത്യരിലൊളിവിതറി"

(ദനഹാക്കാലം, ചൊവ്വ-ലെലിയ)

Happy
NEW
YEAR!
2015



For private circulation only
പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്